Downloaded from https:// www.studiestoday.com

# കേരളപാഠാവലി

# മലയാളം

## ഭാഗം 2

## സ്റ്റാൻഡേർഡ് IV

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

JT 463-1/Malayalam-4 (Vol-II)

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2015

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

---

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയപ്പെട്ട കുട്ടികളേ,

മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം നാൾക്കുനാൾ വർധിച്ചുവരികയാണല്ലോ.

കഥകളും വിവരണങ്ങളും വായിച്ചാസ്വദിച്ചും കവിതകൾ ചൊല്ലി രസിച്ചും മാതൃഭാഷയുടെ മാധുര്യം നുണയുവാൻ വേണ്ടി തയാറാക്കിയതാണ് ഈ പാഠപുസ്തകം. വായിച്ചും വരച്ചും പാടിയും എഴുതിയും മുന്നേറുമ്പോൾ പഠനം രസകരമായിത്തീരും.

അങ്ങനെ ഭാഷയിലൂടെ ചുറ്റുപാടിലേക്കു കടന്നു ചെല്ലാനും നാടിന്റെ നൻമകൾ നിലനിർത്താനും വീണ്ടെടുക്കാനും ഈ പുസ്തകം നിങ്ങൾക്കു സഹായകമായിത്തീരട്ടെ.

സ്നേഹത്തോടെ,

**ഡോ.എസ്. രവീന്ദ്രൻ നായർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അനൂപ് എസ്. എസ്.**
ജനത എച്ച്.എസ്.എസ്, തേമ്പാംമൂട്, തിരുവനന്തപുരം.

**ബിന്നി. പി.ജെ**
എം.എസ്.സി. എൽ.പി സ്കൂൾ, പാവംകോട്, തിരുവനന്തപുരം.

**കണ്ണൻകുട്ടി. സി.**
എസ്.എൽ.എൽ.പി.എസ്, പിലാപ്പുള്ളി, വടവന്നൂർ, പാലക്കാട്.

**പ്രദീപ് കുമാർ.എ**
ഹെഡ്മാസ്റ്റർ, ജി.ജി.എച്ച്.എസ്.എസ്, മടപ്പള്ളി, കോഴിക്കോട്.

**ഫിറോസ്. വി**
ആർ. എ.സി. എച്ച്.എസ്.എസ്, കടമേരി, വടകര, കോഴിക്കോട്

**മോഹൻദാസ്. ആർ.**
വി.ആർ.സി.എം.യു.പി.എസ്, വല്ലങ്ങി, നെന്മാറ, പാലക്കാട്

**എൻ. രാമകൃഷ്ണൻ നമ്പ്യാർ**
എ.എൽ.പി.എസ്, ബേത്തൂർപാറ, വട്ടംതട്ട, കാസറഗോഡ്

**സി.എം. വിനയചന്ദ്രൻ,**
ജി.എം.യു.പി.എസ്, രാമന്തളി, പയ്യന്നൂർ, കണ്ണൂർ.

**സഫീലാബീവി. എസ്.**
ബി.ആർ.സി, വർക്കല, തിരുവനന്തപുരം

**കടാങ്കോട് പ്രഭാകരൻ**
മുൻ എഡിറ്റർ, കേരള സാഹിത്യ അക്കാദമി

## വിദഗ്ധ പരിശോധന

**ഡോ.ജോർജ് ഓണക്കൂർ**
മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്

**സാബു കോട്ടുക്കൽ**
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. ഡൊമിനിക് ജെ. കാട്ടൂർ**
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. വിജയൻ ചാലോട്**
ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കണ്ണൂർ

## ചിത്രകാരന്മാർ

**രവി പിലിക്കോട്**
ബി.എ.ആർ.എച്ച്.എസ്.എസ്, ബോവിക്കാനം, കാസറഗോഡ്

**ശശിധരൻ പി.വി**
ജി.എച്ച്.എസ്.എസ്, കക്കാട്, കാസറഗോഡ്

## അക്കാദമിക് കോഡിനേറ്റർ

**ഡോ. സി. ഭാമിനി**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഉള്ളടക്കം

## 6. മേളിതം


- മലയാളം ........................................ 88
- മുരളി കണ്ട കഥകളി..................... 92


## 7. മോഹിതം


- നിലാവിനോട് ................................. 104
- കുത്തബ്ബ്മിനാർ .............................. 108
- കുട്ടിയും തള്ളയും......................... 115


## 8. ചരിതം


- പഴശ്ശിത്തമ്പുരാൻ .......................... 124
- ഹോക്കി മാന്ത്രികൻ ...................... 129


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അർഥസൂചിക



ഞാൻ എന്നെക്കുറിച്ച്



പഠനനേട്ടങ്ങൾ



തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

6

# മേളിതം



പൊങ്ങും മോഹനസംസ്കാരപ്പുതു-
മലരുകൾ വിരിയും മലനാട്ടിൽ,
തുഞ്ചൻ തന്നുടെ പൈങ്കിളി പാടും
കുഞ്ചൻ തന്നുടെ നർത്തകിയാടും
സഞ്ചിത രമണീയത കളിയാടും
നെഞ്ചുകുളിർത്തിടുമിളനീർ ചൂടും-
പച്ചപ്പന്തലിലണയാൻ തെങ്ങുകൾ
മാടിവിളിക്കും മലനാട്ടിൽ...

**ടി.ഉബൈദ്**





മലയാളനാടിനെ മനോഹരമാക്കുന്ന എന്തെല്ലാം പ്രത്യേകതകളാണ് ഈ കവിതയിൽ വർണിക്കുന്നത്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# മലയാളം

മാൺപിയന്നു വിളങ്ങുന്നു
മലയാളം മനോരമം,
മഹാഭാരതഭൂവിന്റെ
മണിത്തങ്കച്ചിലങ്കയായ്.

. . . . . . . . . . . . . . . . . . . . . . .

മേഘലങ്ങളാലുടുപ്പിട്ട
മല, കുന്നുകൾ, മേടുകൾ
ആന മാൻ പന്നി പുലികൾ
പോത്തും മേളിച്ച കാടുകൾ,
തെളിഞ്ഞോളങ്ങൾ തൻ മൂളി-
പ്പാട്ടുമായ്പ്പോകുമാറുകൾ,
ആമ്പലും നൈതൽതണ്ടാരു -
മിടതിങ്ങിയ പൊയ്കകൾ,
വിചിത്രപക്ഷിച്ചിറകിൻ
മഴവില്ലാർന്ന ശാഖികൾ.
പുലാവും പുളിയും മാവും
വാഴയും വായ്ച തോപ്പുകൾ,
അശോകം ചമ്പകം പിച്ചി
മുല്ലയും ചേർന്ന വാടികൾ,
പശിമപ്പെട്ട പാടങ്ങൾ,
പശു മേയും പറമ്പുകൾ-
നാനാപ്രകൃതി സൗന്ദര്യ-
പ്രദർശന മണിക്കളം
കലോല്ലാസത്തളം, വെല്വൂ
കേരളം ഭൂരിമംഗളം.

**വള്ളത്തോൾ കവിതകൾ** — **വള്ളത്തോൾ നാരായണമേനോൻ**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വള്ളത്തോൾ നാരായണമേനോൻ

ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്നു. 1878-ൽ പൊന്നാനിയിൽ ജനിച്ചു. കേരള സാഹിത്യ അക്കാദമിയുടെ ആദ്യ ഉപാധ്യക്ഷൻ. കേരളകലാമണ്ഡലം സ്ഥാപിച്ചു. സാഹിത്യമഞ്ജരി 11-ഭാഗം, ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, കൊച്ചുസീത, ശിഷ്യനും മകനും, അച്ഛനും മകളും, ചിത്രയോഗം (മഹാകാവ്യം), ബധിരവിലാപം എന്നിവ പ്രധാന കൃതികൾ. 1955-ൽ അന്തരിച്ചു.


### കണ്ടെത്താം

- മേഘങ്ങളാൽ ഉടുപ്പിട്ടിരിക്കുന്നത് ആരെല്ലാമാണ്?
- ആറുകൾ പോകുന്നത് എങ്ങനെയെന്നാണ് കവി പറഞ്ഞിരിക്കുന്നത്?
- തോപ്പിലെ ഏതെല്ലാം വൃക്ഷങ്ങളെക്കുറിച്ചാണ് കവിതയിൽ സൂചിപ്പിക്കുന്നത്?

### അർഥം കണ്ടെത്താം

അർഥസൂചിക നോക്കി പദങ്ങളുടെ അർഥം കണ്ടെത്തു.

- മാൺപ്
- മേളിച്ച
- പൊയ്ക
- ശാഖി
- വെല്വൂ
- മനോരമം
- ആറ്
- വിചിത്രം
- വാടി





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തി എഴുതൂ**

ആറ് – ......................., ............................

കാട് – ......................., ............................

വൃക്ഷം – ......................., ............................

**താഴെ കൊടുത്തിരിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന വരികൾ കണ്ടെത്തുക.**

- കേരളത്തിലെ കാടുകളിൽ വിവിധയിനം മൃഗങ്ങൾ വിഹരിക്കുന്നുണ്ട്
- പൊയ്കകളിൽ ആമ്പലും താമരയും തിങ്ങിനിറഞ്ഞിരിക്കുന്നു
- ഫലഭൂയിഷ്ഠമായ വയലുകൾ കേരളത്തിലുണ്ട്

**പ്രയോഗഭംഗി വിശദമാക്കാം**

മഹാഭാരതഭൂവിന്റെ മണിത്തങ്കച്ചിലങ്ക

വിചിത്ര പക്ഷിച്ചിറകിൻ മഴവില്ലാർന്ന ശാഖികൾ

**വർണിച്ചെഴുതാം**

- കവിതയിലെ സൂചനകൾ വച്ചുകൊണ്ട് കേരളത്തിന്റെ പ്രകൃതിഭംഗിയെക്കുറിച്ച് വർണന തയാറാക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കണ്ടെത്താം

കേരളം വളരുന്നു
പശ്ചിമഘട്ടങ്ങളെ-
ക്കേറിയും കടന്നും ചെ-
ന്നന്യമാം രാജ്യങ്ങളിൽ

**പാലാ നാരായണൻ നായർ**

ജയ ജയ കോമള കേരള ധരണി
ജയ ജയ മാമക പൂജിത ജനനീ
ജയ ജയ പാവനഭാരത ഹരിണീ
ജയ ജയ ധർമ്മ സമന്വയ രമണീ
ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരള ധരണി

**കേരളഗാനം - ബോധേശ്വരൻ**





ഇതുപോലെ കേരളത്തെക്കുറിച്ച് ധാരാളം കവിതകളും ഗാനങ്ങളും നമ്മുടെ ഭാഷയിലുണ്ട്. അവ കണ്ടെത്താൻ ശ്രമിക്കൂ. കണ്ടെത്തിയവ ക്ലാസിൽ അവതരിപ്പിക്കൂ. 'എന്റെ കവിതാപുസ്തകത്തിൽ' ഉൾപ്പെടുത്തൂ.

## വരികൾ ചേർത്ത് കവിത പൂർത്തിയാക്കാം

കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്
കളരിപ്പയറ്റ് പിറന്ന നാട്
.....................................................
.....................................................
മാബലിത്തമ്പുരാൻ വാണ നാട്
മലയാളഭാഷ തൻ പുണ്യനാട്





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# മുരളി കണ്ട കഥകളി


സദസ്സ് തിങ്ങിനിറഞ്ഞിരുന്നു. ഇത്ര വലിയ ആൾക്കൂട്ടം ഉണ്ടായിരിക്കുമെന്ന് മുരളി വിചാരിച്ചിരുന്നില്ല. കലാപരിപാടികൾക്കു വേണ്ടി പ്രത്യേകം തയാറാക്കിയിരിക്കുന്ന രംഗമണ്ഡപം ഉയർന്നു മുന്നിൽ കാണുന്നു. അവിടെ ഒരു തട്ടുപന്തലും ഇട്ടിട്ടുണ്ട്. സ്റ്റേജിന്റെ മുൻപിലായി ഒരു വലിയ നിലവിളക്ക്. അതിന് ഏകദേശം മൂന്നു മൂന്നരയടി പൊക്കം വരും. അതിലെ ദീപനാളം പന്തംപോലെ പ്രകാശിക്കുന്നു. സ്റ്റേജിനു പുറകിൽ മേളക്കാർ നിൽപ്പുണ്ട്. മദ്ദളവും ചേങ്ങിലയും ഇലത്താളവും ചേർന്നുള്ള മേളം തുടങ്ങിക്കഴിഞ്ഞു. ചെണ്ട എടുത്തിട്ടില്ല. "എന്താ അച്ഛാ, ചെണ്ടക്കാരൻ വരാത്തത്?" മുരളി അന്വേഷിച്ചു. "ഈ കൊട്ടിന് ശുദ്ധമദ്ദളം എന്നാണു പറയുക. അരങ്ങത്തെ കേളിയെന്നും കേളിക്കൈയെന്നും പറയും. അതിനു ചെണ്ട ഉപയോഗിക്കില്ല." അച്ഛൻ പറഞ്ഞുകൊടുത്തു.

കുറേക്കഴിഞ്ഞപ്പോൾ ഒരു തിരശ്ശീല കൊണ്ടുവന്ന് രണ്ടുപേർ ഓരോ അറ്റത്തുമായി പിടിച്ചു. അകത്തുനിന്നു പാട്ടുകാരുടെ ആ...... എന്ന രാഗവിസ്താരവും ആരംഭിച്ചു. കളി തുടങ്ങാറായെന്നു മുരളിക്കു തോന്നി. "നമുക്കു മുൻപിൽ പോയിരിക്കാം." അവൻ പറഞ്ഞു. "വരട്ടെ, ഇപ്പോഴേ പോയി ഇരുന്നാൽ മുഷിയും. പല ചടങ്ങുകളും ഇനി കഴിയാനുണ്ട്. എന്നിട്ടേ കഥയാരംഭിക്കയുള്ളൂ. ഇപ്പോൾ നമുക്ക് ഒരു വശം ചേർന്നു നില്ക്കാം." എന്നു പറഞ്ഞ് അച്ഛൻ മുരളിയെ മുൻപിൽ നിറുത്തി, താൻ പുറകിലായി നിന്നു. തിരശ്ശീലയ്ക്കുള്ളിൽ ഏതോ വേഷം വന്ന് ചുവടുവച്ച് അമർന്നു കളി




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ക്കുന്നുണ്ട്. "തിരശ്ശീല താഴ്ത്താത്ത തെന്താണച്ഛാ." അവൻ ചോദിച്ചു. " ഇപ്പോൾ താഴ്ത്തുകയില്ല. തോടയമാണ് ഈ ചടങ്ങ്." അച്ഛൻ പറഞ്ഞു

"തോടയമോ"

"അതെ, ഈശ്വരനെ പ്രാർഥിക്ക യാണ്. ഏതു കാര്യവും തുടങ്ങുന്നത് ഈശ്വരസ്തുതിയോടുകൂടിയായിരിക്ക ണമെന്നാണ് പണ്ടത്തെ ആളുകളുടെ പക്ഷം."

"ഈ വേഷമെന്താ ചെയ്യുന്നേ?"

"കൊട്ടിനും പാട്ടിനും അനുസരിച്ച് ചില ചോടുകൾ വച്ച് താഴ്ന്നു കളി ക്കയാണ്."

മുരളി ആ തിരശ്ശീലയുടെ ഭംഗി നോക്കിക്കൊണ്ടു നിന്നു. അതിന്റെ നടുവിൽ മനോഹരമായ ഒരു താമ രപ്പൂവ് നെയ്തു പിടിപ്പിച്ചിരിക്കുന്നു. പലതരം വർണങ്ങൾ ആ കർട്ടനു മോടികൂട്ടുന്നുണ്ട്. കൂടാതെ അനവധി വിചിത്ര വേലകളും അതിൽ കാണാം.

തോടയം കഴിഞ്ഞു. ഗായകന്മാർ ഏതാനും ശ്ലോകങ്ങൾ നീട്ടിപ്പാടിത്തുടങ്ങി. അതു വന്ദനശ്ലോകങ്ങളാണെന്ന് അച്ഛൻ മുരളിയെ ധരിപ്പിച്ചു. ഗണപതി, വിഷ്ണു, ശിവൻ, ഭഗവതി മുതലായവരെപ്പറ്റിയുള്ള സ്തുതികൾ. അൽപ്പം കഴിഞ്ഞപ്പോൾ തിരശ്ശീലയ്ക്കു മുകളിൽ വട്ടത്തിലുള്ള ഒരു കിരീടത്തിന്റെ മുകൾഭാഗം കണ്ടു തുടങ്ങി. ഒരു വേഷം അകത്തു വന്നിട്ടുണ്ട്. കിരീടം അങ്ങോട്ടുമിങ്ങോട്ടും അന ങ്ങുന്നു. തിരശ്ശീലയ്ക്കുള്ളിൽ നിന്നുകൊണ്ട് ആ വേഷം മേളക്കാരെയും പാട്ടു കാരെയും തൊട്ടു വന്ദിക്കയാണ്. ചെണ്ടകൊട്ടും ഈ അവസരത്തിൽ കേട്ടു തുടങ്ങി. ദാ, കിരീടത്തിനു മുകളിലായി വിസ്തൃതമായ ഒരു മേലാപ്പ്. ശംഖുവിളിയും കേൾക്കുന്നു. മേളം തകർക്കുന്നു. പെട്ടെന്നു തിരശ്ശീല താണു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

രണ്ടു വേഷങ്ങൾ പ്രത്യക്ഷപ്പെട്ടു. ഒരു പുരുഷനും ഒരു സ്ത്രീയും. നിറപ്പകിട്ടുകൊണ്ടു വിളങ്ങുന്ന കിരീടം, പച്ച നിറത്തിലുള്ള മുഖം, കവിളിന്റെയും താടിയുടെയും അരികോടു ചേർത്ത് ഇരുവശങ്ങളിലും വെള്ളക്കടലാസു കൊണ്ട് ബ്രാക്കറ്റിന്റെ ആകൃതിയിൽ വച്ചുപിടിപ്പിച്ച ചുട്ടി, നീട്ടിക്കറുപ്പിച്ച പുരികക്കൊടികൾ, മഷി എഴുതിയ കണ്ണ്, നെറ്റിയിൽ ഒരു ഗോപി, പുഞ്ചിരി പൊഴിക്കുന്ന ചെഞ്ചുണ്ടുകൾ, ചെറിയ വൃത്തത്തിൽ തിളങ്ങുന്ന ചെവി പ്പൂവ്, തോട, കിരീടത്തിന്റെ രണ്ടു വശത്തും താഴ്ത്തി പ്പിടിച്ചിരിക്കുന്ന ചെറിയ ആലവട്ടം, ധാരാളം മുത്തുമാലകളെക്കൊണ്ടു ശോഭിക്കുന്ന കഴുത്ത്, രത്നാഭരണങ്ങൾ പ്രകാശിക്കുന്ന കൊരലാര ത്തോടുകൂടിയ മാറിടം, തോൾവള, കൈവള, വിരിഞ്ഞ പൂവിന്റെ ആകൃതിയിൽ രണ്ടറ്റത്തും കെട്ടി യിട്ട് അണിഞ്ഞിരിക്കുന്ന ഉത്തരീയങ്ങൾ, ചുവന്ന കുപ്പായം, കൈവിരലുകളിലെ വെള്ളിനഖങ്ങൾ, കാണാൻ നല്ല ചന്തമുള്ള ഉടുത്തുകെട്ട്, ഇവ യെല്ലാം ചേർന്നതാണ് ആ പുരുഷവേഷം. സ്ത്രീവേഷം ഞൊറിഞ്ഞുടുത്ത് തലയിൽ സാരി ഇട്ടിരിക്കുകയാണ്. കൈപ്പത്തിവരെ ഇറങ്ങിക്കിടക്കുന്ന ചെങ്കുപ്പായം, കഴുത്തിൽ നിറയെ ആഭരണങ്ങൾ. കൈവളകൾ. പുരു ഷവേഷം കൃഷ്ണമണികളെ താളത്തിനൊ പ്പിച്ചു ചലിപ്പിച്ചുകൊണ്ട് പുഞ്ചിരിയോടുകൂടി നോക്കുന്നു. ആ നോട്ടം തന്റെ നേർക്കാണോ എന്നു മുരളിക്കു തോന്നി. അവൻ അദ്ഭുത ത്തിൽ മുഴുകി. “ഇതേതു വേഷമാണച്ഛാ?” അവൻ ചോദിച്ചു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

"ഇതാണ് പുറപ്പാടു വേഷം . ഇത്തരം പുരുഷവേഷത്തിനു 'പച്ച'യെന്നു പറയും."



"പച്ചയോ?"

"അതെ. പച്ച തന്നെ. നല്ല സ്വഭാവത്തോടുകൂടിയ കഥാപാത്രങ്ങൾക്കെല്ലാം പച്ച വേഷമാണ്."

"അതാരൊക്കെയാണ്?"

"ധർമ്മപുത്രർ, ശ്രീകൃഷ്ണൻ, നളൻ തുടങ്ങിയവരെ നീ കേട്ടിട്ടില്ലേ? അവരൊക്കെ 'പച്ച'വേഷക്കാരാണ്."

"പുറപ്പാടിലെ വേഷങ്ങൾ കഥയിലെ നായകനും നായികയും ആണെന്നാണു സങ്കൽപ്പം. അവർക്കു പ്രത്യേകിച്ച് അഭിനയമൊന്നുമില്ല."

കുറേക്കഴിഞ്ഞു സ്ത്രീവേഷം പോയി. പുരുഷവേഷം കൈയും മെയ്യും കണ്ണും യോജിപ്പിച്ച് ഓരോരോ കലാശങ്ങൾ ചവിട്ടിത്തുടങ്ങി. താളമേളങ്ങൾക്കൊപ്പിച്ചുള്ള ആ നൃത്തം ഒരു പ്രത്യേക രീതിയിലുള്ളതായിരുന്നു. കാണാൻ കൗതുകമുണ്ട്. എങ്കിലും കുറേ നേരം അതു നോക്കിക്കൊണ്ടിരുന്നപ്പോഴേക്കും മുരളിക്കു മുഷിഞ്ഞു.

"എന്താ അച്ഛാ കഥ തുടങ്ങാത്തത്?" അവൻ അക്ഷമനായി ചോദിച്ചു.

**മുരളി കണ്ട കഥകളി**

**പ്രൊഫ.അമ്പലപ്പുഴ രാമവർമ്മ**



**പ്രൊഫ. അമ്പലപ്പുഴ രാമവർമ**

1926-ൽ അമ്പലപ്പുഴയിൽ ജനിച്ചു. അധ്യാപകനായിരുന്നു. കേരള കലാമണ്ഡലം ജനറൽ കൗൺസിൽ, കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ എന്നിവയിൽ അംഗംമായിരുന്നു. നവരശ്മി, സാഹിതീസൗരഭം, കഥകളി നിരൂപണം തുടങ്ങിയവ പ്രധാന കൃതികൾ. 2013 ൽ അന്തരിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കഥകളി ഒരു രംഗകലയാണ്. പാട്ടിനും താളമേളങ്ങൾക്കും അനുസരിച്ചു കഥ അഭിനയിച്ചു കാണിക്കുന്ന കലയാണിത്. അംഗങ്ങൾകൊണ്ടു കാണിക്കുന്ന ചേഷ്ടകളായ ആംഗികാഭിനയം, വേഷഭൂഷകൾ കൊണ്ടുണ്ടാക്കുന്ന ആഹാര്യാഭിനയം, ഭാവങ്ങളിൽ നിന്നുണ്ടാകുന്ന സാത്വികാഭിനയം, വാചികാഭിനയം എന്നിവ ചേർന്ന നടന കലയാണ് കഥകളി. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. 'ആടുന്നതിനുള്ള കഥ' എന്ന അർഥത്തിലാണ് ഈ പേരു പറയുന്നത്.

## കണ്ടെത്താം

- കഥകളിയുടെ ആരംഭത്തിലുള്ള പ്രധാന ചടങ്ങുകൾ.
- കഥകളിയിലെ പച്ച വേഷത്തിന്റെ പ്രത്യേകതകൾ.
- സ്ത്രീവേഷത്തെക്കുറിച്ച് പാഠഭാഗത്തു പറയുന്ന കാര്യങ്ങൾ.
- കഥകളിയിൽ ഉപയോഗിക്കുന്ന തിരശ്ശീലയുടെ പ്രത്യേകതകൾ.

## സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തി എഴുതൂ

മനോഹരം – ......................................, ......................................

പൂവ് – ......................................, ......................................

കൈ – ......................................, ......................................

## പദങ്ങൾ കണ്ടെത്താം

ചെഞ്ചുണ്ട്

ചെങ്കുപ്പായം

ഇതുപോലെ 'ചെം' ചേർന്നുവരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതൂ.

## മാറ്റിയെഴുതാം

താളമേളങ്ങൾ – താളവും മേളവും

മുകളിൽ ഉള്ളതുപോലെ താഴെക്കൊടുത്ത വാക്കുകൾ മാറ്റിയെഴുതൂ.

കളിചിരി – ......................................................

ആടയാഭരണങ്ങൾ – ......................................................





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഇതുപോലുള്ള പദങ്ങൾ പാഠത്തിനു പുറത്തുനിന്നു കണ്ടെത്തി എഴുതൂ.

സുഖദു:ഖങ്ങൾ ........................................

................................ അച്ഛനും അമ്മയും

................................ ........................................

................................ ........................................

## തിരിച്ചറിയാം

വാദ്യോപകരണങ്ങൾ ചിത്രം നോക്കി തിരിച്ചറിയൂ.



## ചിത്രം നിരീക്ഷിച്ച് എഴുതാം



പച്ച



മിനുക്ക്

രണ്ടു ചിത്രങ്ങളും നിരീക്ഷിച്ച് പാഠഭാഗത്തെ വർണനയെ അടിസ്ഥാനമാക്കി സ്വന്തം ഭാഷയിൽ കുറിപ്പ് തയാറാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കേരള കലാമണ്ഡലം





കേരളീയ കലകൾ സംരക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി മഹാകവി വള്ളത്തോൾ നാരായണമേനോൻ സ്ഥാപിച്ചതാണ് കേരള കലാമണ്ഡലം. തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി എന്ന ഗ്രാമത്തിൽ ഭാരതപ്പുഴയുടെ തീരത്താണ് ഇതു സ്ഥിതി ചെയ്യുന്നത്. 1930 നവംബർ 9 നാണ് കലാമണ്ഡലം പ്രവർത്തനം തുടങ്ങിയത്. മണക്കുളം മുകുന്ദ രാജാവിന്റെ സഹായത്തോടെ മഹാകവി ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ കേരള സർക്കാറിന്റെ കീഴിലാണ്. കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ, ചാക്യാർ കൂത്ത്, പഞ്ചവാദ്യം തുടങ്ങിയ കലകൾ ഇവിടെ അഭ്യസിപ്പിക്കുന്നു. കേരള കലാമണ്ഡലം ഇപ്പോൾ കൽപ്പിത സർവ്വകലാശാലയാണ്.

### എത്രയെത്ര കലകൾ

കഥകളിയെക്കുറിച്ച് കുറച്ചു കാര്യങ്ങൾ മനസ്സിലാക്കിയല്ലോ. ഇതുപോലെ നിരവധി കലകളാൽ സമ്പന്നമാണ് കേരളം.

താഴെക്കൊടുത്ത ചിത്രങ്ങൾ നോക്കി കലാരൂപങ്ങൾ തിരിച്ചറിയൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ഇനി നിങ്ങളുടെ നാട്ടിൽ പ്രചാരത്തിലുള്ള ഒരു കലാരൂപത്തെക്കുറിച്ച് കുറിപ്പ് തയാറാക്കൂ.

## കഥകളി കാണാം

മുരളി കണ്ട കഥകളിയെക്കുറിച്ച് വായിച്ചറിഞ്ഞല്ലോ.

നിങ്ങൾക്കും കഥകളി കാണണമെന്നില്ലേ?

അധ്യാപിക നിങ്ങളെ സഹായിക്കും.

കഥകളി കണ്ടുകഴിഞ്ഞാൽ ആ അനുഭവം എഴുതി നോക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പൂരിപ്പിക്കാം

താഴെ കൊടുത്ത വാക്യങ്ങൾ ശ്രദ്ധിക്കൂ.

- അച്ഛൻ മുരളി വിളിച്ചു.
  അച്ഛൻ മുരളിയെ വിളിച്ചു
- അച്ഛൻ മുരളി പറഞ്ഞു.
  അച്ഛൻ മുരളിയോടു പറഞ്ഞു.
- അച്ഛൻ മുരളി കൈപിടിച്ചു.
  അച്ഛൻ മുരളിയുടെ കൈപിടിച്ചു.
- അച്ഛനും മുരളിയും സദസ്സ് ഇരുന്നു.
  അച്ഛനും മുരളിയും സദസ്സിൽ ഇരുന്നു.

ഓരോ കൂട്ടത്തിലും ആദ്യവാക്യവും രണ്ടാം വാക്യവും തമ്മിലുള്ള വ്യത്യാസം എന്താണ്? രണ്ടാമത്തെ വാക്യങ്ങളിലല്ലേ അർഥം കൃത്യമായി മനസ്സിലാകുന്നത്. അടിവരയിട്ട വാക്കുകൾ ശ്രദ്ധിക്കൂ. പദങ്ങൾക്കു ചില മാറ്റങ്ങൾ വന്നപ്പോഴാണ് വാക്യങ്ങളുടെ അർഥം പൂർത്തിയായത്. ആ മാറ്റം എന്തിനാണ്?

ആ പദത്തിന് അടുത്ത പദത്തിനോടുള്ള ബന്ധം സൂചിപ്പിക്കാനാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത് എന്നു കാണാം.

അവ മാതൃകയാക്കി താഴെ കൊടുത്ത വാക്യങ്ങൾ പൂരിപ്പിക്കൂ.

ജമീല വഴിയിൽവച്ച് ................ കണ്ടു. (ഗിരിജ)

മേരി ...................... ചോദിച്ചു. (അമ്മ)

...................... കണ്ണു നിറഞ്ഞു (രാധിക)

ആരതി ............ കയറി ജനൽ തുറന്നു. (മുറി)

...................... പുസ്തകം വായിച്ചു. (നളിനി)


## ആൽബം തയാറാക്കൂ

കഥകളിയിലെ വേഷങ്ങളുടെയും, കഥകളിക്കുപയോഗിക്കുന്ന വാദ്യങ്ങളുടെയും ചിത്രങ്ങൾ, കഥകളിയെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ചേർത്ത് ആൽബം തയാറാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## അർഥസൂചിക

### മലയാളം

| | |
|---|---|
| ആറ് | - പുഴ |
| ഓളം | - ചെറിയ തിര |
| കല്ലോലം | - വലിയ തിര |
| തണ്ടാർ | - താമരപ്പൂവ് |
| തോപ്പ് | - വൃക്ഷങ്ങൾ ധാരാളമുള്ള പുരയിടം. |
| നൈതൽ | - നെയ്യാമ്പൽ |
| പശിമപ്പെട്ട | - നനവുള്ള |
| പൊയ്ക | - ചെറുജലാശയം |
| ഭൂവ് | - ഭൂമി |
| മനോരമം | - ഭംഗിയുള്ളത്, (മനസ്സിനെ സന്തോഷിപ്പിക്കുന്നത്). |
| മാൺപ് | - അഴക് |
| മാൺപിയന്ന | - മാൺപ് + ഇയന്ന - അഴകുള്ള |
| മേട് | - മലമുകൾ, ഉയർന്ന സ്ഥലം |
| മേളിച്ച | - കൂടിച്ചേർന്ന |
| വാടി | - തോട്ടം |
| വായ്ച | - വർധിച്ച |
| വിചിത്രം | - പലനിറം, മനോഹരം, അദ്ഭുതകരം |
| ശാഖി | - വൃക്ഷം (ശാഖകളുള്ളത്) |
| വെല്‌വൂ | - ജയിക്കുന്നു. |

### മുരളി കണ്ട കഥകളി

| | |
|---|---|
| അനവധി | - ധാരാളം, എണ്ണമറ്റ |
| ഉത്തരീയം | - മേൽമുണ്ട് |
| ഗായകൻ | - പാട്ടുകാരൻ |
| ചെഞ്ചുണ്ട് | - ചെമന്ന ചുണ്ട് |
| ചെങ്കുപ്പായം | - ചെമന്ന കുപ്പായം |
| മോടി കൂട്ടുക | - ഭംഗി കൂട്ടുക |
| രംഗമണ്ഡപം | - വേദി (കലാപരിപാടികൾ അരങ്ങേറുന്ന സ്ഥലം) |
| വന്ദിക്കുക | - നമസ്കരിക്കുക |
| സ്തുതി | - ഗുണകീർത്തനം |
| വിഖ്യാതം | - പ്രസിദ്ധം |
| വിശ്വവിഖ്യാതം | - ലോകപ്രസിദ്ധം |



### തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

| | |
|---|---|
| നറുമൊഴികൾ | - ഒ. എൻ. വി. കുറുപ്പ് |
| ഈ കഥ കേട്ടിട്ടുണ്ടോ? | - സുമംഗല |
| കേരളീയകഥകൾ | - ആലങ്കോട് ലീലാകൃഷ്ണൻ |
| താളംമേളം | - ഡോ. എസ്. ഭാഗ്യലക്ഷ്മി |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ ഞാൻ നേടിയ കഴിവുകൾ (ഉചിതമായ കോളത്തിൽ ✓ അടയാളമിടുക)

| കഴിവുകൾ | പൂർണമായി | കുറച്ച് മാത്രം |
|---|---|---|
| * കവിതയുടെ ആശയം, പ്രയോഗഭംഗി എന്നിവ ഉൾക്കൊള്ളാനും ആസ്വദിക്കാനും കഴിഞ്ഞു. | | |
| * കേരളത്തിന്റെ പ്രകൃതിവർണന തയാറാക്കാൻ കഴിഞ്ഞു. | | |
| * കഥകളിയെന്ന കേരളീയകലയുടെ സവിശേഷതകൾ മനസ്സിലാക്കാൻ കഴിഞ്ഞു. | | |
| * കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ശേഖരിക്കാനും ചൊല്ലാനും കഴിഞ്ഞു. | | |
| * കഥകളി ആൽബം തയാറാക്കാൻ കഴിഞ്ഞു. | | |
| * വരികൾ കൂട്ടിച്ചേർത്തു കവിത പൂർത്തിയാക്കാൻ കഴിഞ്ഞു. | | |
| * കൂട്ടുകാരുടെ പ്രവർത്തനങ്ങൾ ശ്രദ്ധിച്ച് അഭിപ്രായങ്ങൾ പറയാൻ കഴിഞ്ഞു. | | |
| * നാട്ടിൽ പ്രചാരത്തിലുള്ള ഒരു കലാരൂപത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കാൻ കഴിഞ്ഞു. | | |

### പഠനനേട്ടങ്ങൾ

- കേരളത്തിന്റെ പ്രകൃതിസൗന്ദര്യം അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാടിനെക്കുറിച്ചറിയുന്നു. അഭിമാനിക്കുന്നു.
- ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾക്കൊണ്ട് കവിത ആസ്വദിച്ച് ഈണത്തിൽ ചൊല്ലുന്നു.
- പ്രകൃതിവർണന തയാറാക്കി അവതരിപ്പിക്കുന്നു.
- കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ശേഖരിച്ചു ചൊല്ലുന്നു.
- വരികൾ കൂട്ടിച്ചേർത്തു കവിത പൂർത്തിയാക്കുന്നു.
- കവിതയിൽ വർണിച്ചിരിക്കുന്ന ദൃശ്യത്തെ സ്വന്തം വാക്യത്തിൽ വിവരിക്കുന്നു.
- കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട്, കുറിപ്പുകൾ, ആൽബം എന്നിവ തയാറാക്കുന്നു.
- ഓരോ പ്രദേശത്തിനും തനതായ കലാരൂപമുണ്ടെന്നു തിരിച്ചറിഞ്ഞ് സവിശേഷതകൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നു.
- കേരളീയ കലകൾ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള മനോഭാവം വളർത്തുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 7

# മോഹിതം



നാഴിയുരിപ്പാലുകൊണ്ട്
നാടാകെക്കല്ല്യാണം
നാലഞ്ചു തുമ്പകൊണ്ട്
മാനത്തൊരു പൊന്നോണം

– പി. ഭാസ്കരൻ

മാനത്തും താഴത്തും നമ്മളെ അദ്ഭുതപ്പെടുത്തുന്ന എന്തെല്ലാം കാഴ്ചകളാണുള്ളത്. പറഞ്ഞുനോക്കൂ. ഇതിൽ നിങ്ങളെ ഏറ്റവും വിസ്മയിപ്പിച്ച കാഴ്ച ഏതാണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# നിലാവിനോട്

**ഓ**ടിവാ, ഓടിവാ, പൂനിലാവേ!
ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ.
പിഞ്ചുകൈ നീട്ടിക്കുതുകത്തോടെ
കൊഞ്ചിവിളിക്കുന്നു പൈതൽ നിന്നെ
അമ്പിളിത്തേർവിട്ടിറങ്ങിവാ നീ
അക്കൊണ്ടൽ ആനമേൽ ഏറിവാ നീ.
ഓടിവാ ഓടിവാ പൂനിലാവേ!
ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ.
പാരതിൽ വന്നു കളിക്കുന്നേരം
പാലും പഴവും തരുന്നതുണ്ട്.
പൂപ്പന്തലേറിക്കളിക്കുന്നേരം
പൂന്തേനും പൂവും തരുന്നതുണ്ട്.
വിണ്ണിൽനിന്നമ്പിളിക്കൊച്ചമ്മാമൻ
കണ്ണാടിയൊന്നു കൊടുത്തയയ്ക്കും
തുമ്പപ്പൂ കണ്ടിട്ടു തുല്ലുചൊല്ലും
തൂവാലയിങ്ങു കൊടുത്തയയ്ക്കും
ഓടിവാ ഓടിവാ പൂനിലാവേ!
ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ.

**ബാലോദ്യാനം** **പണ്ഡിറ്റ് കെ.പി. കറുപ്പൻ**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### പണ്ഡിറ്റ് കെ.പി. കറുപ്പൻ

1885 ൽ ചേരാനല്ലൂരിൽ ജനനം. ധ്രുവചരിതം, സൗദാമിനി, പഞ്ചവടി, ശാകുന്തളം (സംഗീതനാടകം), ബാലാകലേശം, ഉദ്യാനവിരുന്ന്, ഭൈമീപരിണയം, ജാതിക്കുമ്മി, ഭാഷാനാടകം തുടങ്ങിയവ പ്രധാന കൃതികൾ. 1938 ൽ മരണം.

### കണ്ടെത്താം

- ആരുടെ മുന്നിലേക്കു വരാനാണ് നിലാവിനോട് കവി ആവശ്യപ്പെടുന്നത്?
- പൈതൽ എപ്രകാരമാണ് നിലാവിനെ വിളിക്കുന്നത്?
- പാരിലേക്കു കളിക്കാൻ വന്നാൽ നിലാവിന് എന്തെല്ലാം നൽകാമെന്നാണ് കുഞ്ഞ് പറയുന്നത്?

### അർഥം കണ്ടെത്താം

- അമ്പിളി
- ഏറുക
- കുതുകം
- കൊഞ്ചുക
- കൊണ്ടൽ
- പാര്
- പൂനിലാവ്
- വിണ്ണ്

### പ്രയോഗഭംഗി കണ്ടെത്താം

- അമ്പിളിത്തേർ വിട്ടിറങ്ങിവാ നീ
  അക്കൊണ്ടൽ ആനമേൽ ഏറിവാ നീ
- തുമ്പപ്പൂ കണ്ടിട്ടു തുല്ലു ചൊല്ലും
  തൂവാലയിങ്ങു കൊടുത്തയയ്ക്കും





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## എത്ര പദങ്ങൾ ചേർക്കാം

അമ്പിളി, തിങ്കൾ, ഇന്ദു, ശശി, സോമൻ, പനിമതി, ശശാങ്കൻ ..........................

ചന്ദ്രനെക്കുറിക്കാൻ എത്രയെത്ര പദങ്ങളാണ് നമ്മുടെ ഭാഷയിലുള്ളത്! ഇതുപോലെ താഴെ കൊടുത്തവയെക്കുറിക്കാൻ എത്ര പദങ്ങൾ നിങ്ങൾക്കു കണ്ടെത്താൻ കഴിയും.

ഭൂമി ..........................................................................................

ആകാശം ..........................................................................................

നിലാവ് ..........................................................................................

ആന ..........................................................................................

മേഘം ..........................................................................................

കുഞ്ഞ് ..........................................................................................

## പദങ്ങൾ കണ്ടെത്താം

പൂപ്പന്തൽ

പൂനിലാവ്

ഈ പദങ്ങൾ കവിതയിൽ ഉപയോഗിച്ചതു കണ്ടല്ലോ. 'പൂ' ചേർത്ത് കൂടുതൽ പദങ്ങൾ കണ്ടെത്താമോ. കണ്ടെത്തിയ ഏതെങ്കിലും ഒരു വാക്ക് ഉപയോഗിച്ച് ഒരു വാക്യം എഴുതൂ.

..........................................................................................

..........................................................................................

## കടങ്കഥകൾ ശേഖരിക്കാം

ആനകേറാമല ആടുകേറാമല
ആയിരം കാന്താരി പൂത്തിറങ്ങി...

ഇതുപോലെ

ആകാശം, അമ്പിളി എന്നിവയുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ചൊല്ലി രസിക്കാം കവിത രചിക്കാം

അമ്പിളിയമ്മാവാ തിരിഞ്ഞു നി-
ന്നൻപിനോടൊന്നു ചൊല്ലൂ.
എങ്ങുപോകുന്നിവ്വണ്ണം നീ തനി–
ച്ചങ്ങു ഞാനും വരട്ടോ?

– പന്തളം കേരളവർമ

അമ്പിളിയമ്മാവാ! എവിടെ നീ
മുമ്പിൽ നിന്നോടിടുന്നു?
രാത്രി മരുമകനേ! നമുക്കുള്ള
യാത്ര മുടക്കിക്കൂടാ!

– ഉള്ളൂർ എസ്.പരമേശ്വരയ്യർ

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വമ്പിൽത്തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങിനിൽക്കുന്നിതാ മര-
ക്കൊമ്പിന്മേൽ നിന്നു കോലോളം ദൂരത്തിൽ.

– എൻ.കുമാരനാശാൻ

അമ്പിളിയെക്കുറിച്ചുള്ള വരികൾ ചൊല്ലി രസിച്ചില്ലേ? ഇതുപോലെ ഒരു 'അമ്പിളിക്കവിത' നിങ്ങളും എഴുതിനോക്കൂ. കൂടുതൽ കവിതകൾ കണ്ടെത്തി 'എന്റെ കവിതാപുസ്തക'ത്തിൽ ചേർക്കൂ.

## താരതമ്യം ചെയ്യാം

അമ്പിളി ചിരിക്കും മാനത്ത്
തുമ്പ ചിരിക്കും താഴത്ത്

– ഒ.എൻ.വി. കുറുപ്പ്

ഈ വരികളിലെ ആശയവും

തുമ്പപ്പൂ കണ്ടിട്ടു തുല്ലു ചൊല്ലും
തൂവാലയിങ്ങു കൊടുത്തയയ്ക്കും


എന്ന വരികളിലെ ആശയവും താരതമ്യപ്പെടുത്തി കുറിപ്പെഴുതി നോക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



[redacted]

ദൽഹിയിൽ താമസിച്ചിരുന്ന കാലത്ത്, ഞാൻ രണ്ടു മൂന്നു തവണ കുത്തബ്ബ്മിനാർ സന്ദർശിക്കയുണ്ടായിട്ടുണ്ട്. ആ മനോഹരഗോപുരവും പരിസരവും മനസ്സിൽനിന്നു മായ്ക്കാൻ കഴിയുന്നില്ല. ഒരു സൈക്കിൾ വാടകയ്ക്കെടുത്ത്, ദൽഹിയിലെ കുഗ്രാമങ്ങളിലൂടെ സഞ്ചരിച്ച് , ഉച്ചയോടുകൂടി ഞാൻ കുത്തബ്ബ്മിനാറിൽ ചെന്നുചേരും. അടുത്തുള്ള ഏതെങ്കിലുമൊരു കടയിൽനിന്നു ചപ്പാത്തിയും കിഴങ്ങു കറിയും വാങ്ങിക്കഴിച്ച് മിനാറിന്റെ മുമ്പിലെ പൂങ്കാവനത്തിൽ കുറച്ചുനേരം വിശ്രമിച്ച് പിന്നെ ഗോപുരത്തിന്റെ പടവുകൾ കയറി, ഒത്ത മുകളിൽ ചെന്നിരിക്കും. ആ ഇരുമ്പുവേലിയുടെ ദണ്ഡും പിടിച്ചുകൊണ്ട്, അകലെ ചുറ്റുപാടും ഒന്നു കണ്ണോടിക്കുമ്പോൾ സ്വപ്നതുല്യമായ ഒരു കാഴ്ച ലഭിക്കും.

ആൾപ്പാർപ്പില്ലാത്ത കുടിലിന്റെ മുറ്റത്തു മഴക്കാലത്തു നിറയെ ഞാഞ്ഞൂൽപ്പുറ്റുകൾ പൊന്തിനില്ക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. ആ പുറ്റുകൾ തവിട്ടുനിറത്തിലല്ല, പച്ചനിറത്തിലാണെന്നു സങ്കൽപ്പിക്കുക. ഏകദേശം അതുപോലുള്ളൊരു കാഴ്ചയാണ് മിനാറിന്റെ മുകളിൽ നിന്നു നാം കാണുക. ആളുകൾ ചെറുപ്രാണികളാണെന്നേ തോന്നൂ. അവിടവിടെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കുത്തിവരച്ചപോലെ ചില രേഖകൾ കാണുന്നത്, നടക്കാവുകളുടെ നടുവിലൂടെ പോകുന്ന രാജപാതകളാണ്. അകലെ വെയിലിൽ, വെള്ളിയരഞ്ഞാൺപോലെ വെട്ടിത്തിളങ്ങുന്നതു യമുനാനദിയാണ്. പതിനഞ്ചുനാഴിക ദൂരെക്കിടക്കുന്ന വൈസ്രോയി മന്ദിരത്തിന്റെയും അസംബ്ലിക്കെട്ടിടങ്ങളുടെയും കൂറ്റൻ കുംഭഗോപുരങ്ങൾ മണ്ണപ്പം ഉണ്ടാക്കിവച്ചപോലെ കാൺമാനുണ്ട്. എല്ലാറ്റിനും മീതെ ഭൂതകാലത്തിന്റെ നിശ്ശബ്ദത. താഴത്തെ ഭൗമമായ യാതൊരു ശബ്ദതരംഗവും, ഈ ഉത്തുംഗഗോപുരത്തിന്റെ തലയിൽ കടക്കുന്നില്ല.



ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള ഗോപുരമായ കുത്തബ്ബ് മിനാർ, ദൽഹി നഗരത്തിൽനിന്നു പതിനഞ്ചു മൈൽ അകലെ നിലകൊള്ളുന്നു. ഇരുവശത്തും വേപ്പുമരങ്ങൾ തഴച്ചുവളർന്ന് തണൽ പതിഞ്ഞ വൃത്തിയും വീതിയുമുള്ള നിരത്ത്, ജനവിരളമായ ഗ്രാമങ്ങളെയും പാഴായിക്കിടക്കുന്ന സമതലങ്ങളെയും, പഴയ രാജകീയ സ്മരണകളെയും മുറിച്ചു കടന്ന് കുത്തബ്ബ്മിനാറിൽ ചെന്നുമുട്ടുന്നു.

ദൽഹിവിട്ട് കുറച്ചുദൂരം ചെല്ലുമ്പോൾത്തന്നെ ആകാശത്തിൽ പൊങ്ങി നിൽക്കുന്ന ഒരാശ്ചര്യചിഹ്നംപോലെ കുത്തബ്ബ്മിനാറിന്റെ ഗോപുരശൃംഗം കണ്ടു തുടങ്ങും. അടുത്തു ചെല്ലുന്തോറും ഗോപുരത്തിന്റെ ഓരോ തട്ടും വേർതിരിച്ചുകാണാൻ കഴിയും.

വിശാലമായ ഒരു പൂന്തോട്ടം കുത്തബ്ബ്മിനാറിന്റെ മുറ്റത്തെ അലങ്കരിക്കുന്നു. മലർശയ്യകളെക്കൊണ്ടും വള്ളിക്കുടിലുകളെക്കൊണ്ടും ചൊട്ടികുത്തിയ പച്ചപ്പുൽത്തകിടികളിൽ ജലധാരായന്ത്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഗോപുരത്തിനകത്തേക്കുള്ള പ്രവേശനദ്വാരത്തിന്റെ മുകളിലും ഭിത്തികളിലും ഖുർആൻ വാക്യങ്ങൾ കൊത്തിവച്ചിരിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഗോപുരത്തിന്റെ ശരിയായ ഉയരം 242 അടി 1 അംഗുലമാണ്. മുകളിൽ കയറിയെത്തുകയെന്നത്, പ്രയാസം കുറഞ്ഞ കാര്യമല്ല. പിരിയാണിയുടെ ആകൃതിയിൽ ചുറ്റിക്കൊണ്ടുള്ള പടവുകളാണ്–ആകെ 379 പടവുകൾ. മേൽപ്പോട്ടു ചെല്ലുന്തോറും പടവുകളുടെ വീതി ചുരുങ്ങിത്തുടങ്ങും. ഉള്ളിലേക്കു കാറ്റും വെളിച്ചവും കിട്ടുന്നതിനു ഗോപുരഭിത്തിയിൽ ഇടയ്ക്കിടെ ചെറിയ ജാലകങ്ങളുണ്ട്. പക്ഷേ, കുറേ മുകളിലേക്കു ചെല്ലുമ്പോൾ വെളിച്ചം കിട്ടാതെ, കുറ്റിരുട്ടിൽ ഇടുങ്ങിയ കൽപ്പടവുകളിൽ തപ്പിത്തടഞ്ഞു കയറേണ്ടതായി വരും. മുകളിൽ നിന്നിറങ്ങിവരുന്ന സന്ദർശകന്മാരുമായി കൂട്ടിമുട്ടിപ്പോകാതിരിപ്പാൻ ഒച്ചയനക്കിക്കൊണ്ടിരിക്കണം. നേരിയ ശബ്ദം മതി. പ്രതിധ്വനി ഭയങ്കരമായിരിക്കും.

പടവുകൾ കയറി ക്ഷീണിക്കുമ്പോൾ വിശ്രമിക്കാൻ ഇടയ്ക്ക് ഓരോ തട്ടു കാണാം. ചുറ്റുവൃത്താകൃതിയിലുള്ള വ്രാന്തയോടുകൂടിയ ഇങ്ങനത്തെ അഞ്ചു കക്ഷ്യകളുണ്ട്. ചുവട്ടിൽ വലിയ വ്യാസത്തോടുകൂടിയതാണെങ്കിലും മുകളിലേക്കു ചെല്ലുന്തോറും കൂർത്തുവരുന്ന ഈ ഗോപുരത്തിന്റെ ഒടുവിലത്തെ കക്ഷ്യ ഏറ്റവും ഇടുങ്ങിയതാണ്. തളർച്ച മാറ്റാൻ ഒരു പത്തു മിനിട്ടു സമയം ആ തറയിൽത്തന്നെ ഇരുന്നുപോകും.

ക്രിസ്ത്വബ്ദം 1206-ൽ കുത്തബ്ബുദ്ദീൻ ഐബക്ക് എന്ന ചക്രവർത്തിയാണ് ഈ ഗോപുരത്തിന്റെ പ്രവൃത്തി തുടങ്ങിവച്ചത്. 1210-ൽ ഷംസുദ്ദീൻ ആൽതാമിഷ് ചക്രവർത്തി അതിന്റെ പണി പൂർത്തിയാക്കി.

വിശ്വവിഖ്യാതമായ ഈ ഗോപുരം സന്ദർശിക്കുവാൻ ദിവസേന വരുന്ന നൂറുകണക്കായ ജനങ്ങളുടെ പ്രവാഹം, ഇതിന്റെ പരിസരത്തിൽ ഒരു ചെറിയ അങ്ങാടിയെ വളർത്തിയിട്ടുണ്ട്. ഒഴിവുദിവസങ്ങളിൽ ഗോപുരത്തിന്റെ ചുറ്റുമുള്ള മനോഹരമായ പാർക്ക്, ദൽഹിയിൽനിന്നും മറ്റും വിനോദയാത്രയ്ക്കു വരുന്ന വിദ്യാർഥികളെക്കൊണ്ടു നിറഞ്ഞിരിക്കും.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കുത്തബ്ബ്മിനാർ ഒരിക്കൽ സന്ദർശിച്ച ഒരാൾക്ക് അവിടത്തെ കാഴ്ചകൾ മറക്കുവാൻ കഴിയുന്നതല്ല. ഏറ്റവും ഉയർന്ന ഒരു ഗോപുരം സന്ദർശിക്കുക മാത്രമല്ല നാം ചെയ്യുന്നത്, ഏറ്റവും ശാന്തവും, ചരിത്രസ്മരണകൾ ഉണർത്തുന്നതുമായ ഒരു ഗ്രാമത്തിന്റെ ഹൃദയത്തിൽ കടന്നിരുന്ന് പല പുത്തൻ സ്വപ്നങ്ങൾ കാണുക കൂടിയാണ്.

**യാത്രാസ്മരണകൾ** — **എസ്.കെ.പൊറ്റെക്കാട്ട്**



**എസ്.കെ. പൊറ്റെക്കാട്ട്**



ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്ട്. 1913 – ൽ കോഴിക്കോട് ജില്ലയിൽ ജനിച്ചു. ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ, രാജമല്ലി, വനകൗമുദി, വിഷകന്യക, ബാലിദ്വീപ്, കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, പാതിരാസൂര്യന്റെ നാട്ടിൽ എന്നിവ പ്രധാന കൃതികൾ. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, ഭാരതീയ ജ്ഞാനപീഠപുരസ്കാരം എന്നിവ ലഭിച്ചു. 1982-ൽ അന്തരിച്ചു.

### കണ്ടെത്താം

- കുത്തബ്ബ്മിനാറിന്റെ മുകളിൽനിന്നുമുള്ള സ്വപ്നതുല്യമായ കാഴ്ചകൾ എന്തൊക്കെയാണ്?
- കുത്തബ്ബ്മിനാറിന്റെ മുകൾ ഭാഗത്തേക്കു കയറുമ്പോൾ അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ എന്തെല്ലാം?
- കുത്തബ്ബ്മിനാർ സന്ദർശിക്കാൻ വരുന്ന ഒരാൾ ഏറ്റവും ഉയരം കൂടിയ ഒരു ഗോപുരം സന്ദർശിക്കുക മാത്രമല്ല ചെയ്യുന്നത്. ലേഖകൻ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്താണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### അർഥം കണ്ടെത്താം

- കുഗ്രാമം
- പൂങ്കാവനം
- ഭൗമം
- ഉത്തുംഗം
- സ്മരണ
- ശൃംഗം
- ശയ്യ
- പ്രാന്തം
- കക്ഷ്യ
- വിരളം
- ധാര
- പ്രതിധ്വനി
- വ്രാന്ത
- അബ്ദം
- വിശ്വവിഖ്യാതം

### ചിഹ്നം ചേർത്തെഴുതാം

ഒരാശ്ചര്യചിഹ്നം പോലെ കുത്തബ്ബ്മിനാറിന്റെ ഗോപുരശൃംഗം കണ്ടു തുടങ്ങും.

താഴെക്കൊടുത്തവയിൽ ഏതാണ് ആശ്ചര്യചിഹ്നം?

| ? | . | , | ! | “ ” | : |
|---|---|---|---|---|---|

താഴെക്കൊടുത്ത കഥാഭാഗത്ത് ഉചിതമായ ചിഹ്നങ്ങൾ ചേർത്തു നോക്കൂ.

ഒരിക്കൽ പാക്കനാരും ഭാര്യയും മുളവെട്ടുകയായിരുന്നു ഒരു വലിയ മുള വെട്ടിയപ്പോൾ അതിനകത്തെന്തോ കിലുങ്ങുന്നു പെട്ടെന്ന് പാക്കനാരുടെ ഭാര്യ പറഞ്ഞു നോക്കൂ അതെന്താണ് പാക്കനാർ ശ്രദ്ധിക്കുന്നില്ലെന്നു കണ്ട് ഭാര്യ അതിനടുത്തു ചെന്നു അവർ ഞെട്ടിപ്പോയി മുളങ്കുറ്റി നിറയെ സ്വർണ നാണയങ്ങൾ





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## അനുഭവവിവരണം തയാറാക്കാം

ലേഖകൻ കണ്ട 'സ്വപ്നതുല്യമായ കാഴ്ച' പാഠഭാഗത്തു വർണിച്ചിട്ടുണ്ടല്ലോ. ഇത്തരത്തിലുള്ള ഏതു കാഴ്ചയാണ് നിങ്ങളുടെ അനുഭവത്തിലുള്ളത്? എഴുതി നോക്കൂ.

## പ്രയോഗഭംഗി കണ്ടെത്താം

അകലെ വെയിലിൽ വെള്ളിയരഞ്ഞാൺ പോലെ
വെട്ടിത്തിളങ്ങുന്നതു യമുനാ നദിയാണ്

യമുനാനദിയെ 'വെള്ളിയരഞ്ഞാൺ പോലെ' എന്നു വിശേഷിപ്പിക്കാൻ കാരണമെന്താവാം?

ഇതുപോലെയുള്ള മറ്റു പ്രയോഗങ്ങൾ കണ്ടെത്തി എഴുതൂ.

സ്വർണത്തളിക

..........................................

..........................................

..........................................

## യാത്രയ്ക്കുമുമ്പ്

നിങ്ങളുടെ സ്കൂളിൽനിന്ന് പഠനയാത്ര പോകാൻ തീരുമാനിച്ചാൽ എന്തൊക്കെ ഒരുക്കങ്ങളാണ് നടത്തേണ്ടത്? എഴുതിനോക്കൂ.



## പദങ്ങൾ കണ്ടെത്താം

"മലർശയ്യകളെക്കൊണ്ട് ചൊാട്ടികുത്തിയ പച്ചപ്പുൽത്തകിടികൾ"

മലർ എന്ന പദം വിശേഷണമായി ഉപയോഗിക്കുന്ന മറ്റു വാക്കുകൾ കണ്ടെത്തൂ.

.................................... .................................... ....................................

.................................... .................................... ....................................



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**യാത്രാവിവരണം തയാറാക്കാം**

നിങ്ങൾ നടത്തിയ പഠനയാത്രയുടെ വിവരണം എഴുതിത്തയാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.

**വിശേഷിപ്പിക്കാം**

- നേരിയ ശബ്ദം
- ചെറിയ ജാലകം
- മനോഹരമായ ഉദ്യാനം
- വലിയ വീട്

അടിവരയിട്ട പദങ്ങൾ പിന്നീടു വരുന്ന പദങ്ങളെ വിശേഷിപ്പിച്ചതു നോക്കൂ. (രണ്ടാം പദത്തിന്റെ പ്രത്യേകതയാണ് ഇവിടെ വ്യക്തമാക്കുന്നത്) ഇതുപോലെ താഴെ കൊടുത്ത വാക്കുകൾക്ക് ഉചിതമായ വിശേഷണം വലയത്തിൽ നിന്നും കണ്ടെത്തൂ.


- ............................ പൂവ്
- ............................ വെള്ളം
- ............................ ശരീരം
- ............................ മാങ്ങ
- ............................ നടന്നു
- ............................ പറഞ്ഞു


(മെലിഞ്ഞ, ചുവന്ന, പഴുത്ത, തെളിഞ്ഞ, പതുക്കെ, ഉച്ചത്തിൽ)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# കുട്ടിയും തള്ളയും

**ഈ** വല്ലിയിൽനിന്നു ചെമ്മേ-പൂക്കൾ
പോവുന്നിതാ പറന്നമ്മേ!

തെറ്റീ! നിനക്കുണ്ണി ചൊല്ലാം-നൽപ്പൂ -
മ്പാറ്റകളല്ലേയിതെല്ലാം.

മേൽക്കുമേലിങ്ങിവ പൊങ്ങീ-വിണ്ണിൽ
നോക്കമ്മേ, എന്തൊരു ഭംഗി!

അയ്യോ! പോയ്ക്കൂടിക്കളിപ്പാൻ-അമ്മേ!
വയ്യേയെനിക്കു പറപ്പാൻ!

ആകാത്തതിങ്ങനെ എണ്ണീ-ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണീ!

പിച്ചനടന്നൂ കളിപ്പൂ-നീയി-
പ്പിച്ചകമുണ്ടോ നടപ്പൂ?

അമ്മട്ടിലായതെന്തെന്നാൽ-ഞാനൊ-
രുമ്മതരാമമ്മ ചൊന്നാൽ.

നാമിങ്ങറിയുവതൽപ്പം-എല്ലാ-
മോമനേ, ദൈവസങ്കൽപ്പം.

**പുഷ്പവാടി എൻ.കുമാരനാശാൻ**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**എൻ. കുമാരനാശാൻ**

ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്നു. 1871-ൽ കായിക്കരയിൽ ജനനം. വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, പുഷ്പവാടി, ശ്രീബുദ്ധ ചരിതം, ബാലരാമായണം തുടങ്ങിയവ പ്രധാന കൃതികൾ. 1924-ൽ മരണം.

## കണ്ടെത്താം

- കുട്ടിക്കു പൂമ്പാറ്റകൾ എന്തായിട്ടാണ് തോന്നിയത്?
- എന്തോർത്താണ് കുട്ടി സങ്കടപ്പെടുന്നത്?
- പിച്ചകത്തിലും കുട്ടിയിലുമുള്ള എന്തു വ്യത്യാസമാണ് അമ്മ ചൂണ്ടിക്കാണിക്കുന്നത്?
- കുട്ടിയെ എങ്ങനെയാണ് അമ്മ ആശ്വസിപ്പിക്കുന്നത്?

## അർഥം കണ്ടെത്താം

- വല്ലി
- വിണ്ണ്
- ചെമ്മേ
- മാഴ്കുക



## ആശയം വരുന്ന വരികൾ കണ്ടെത്താം

- വള്ളിയിൽനിന്നും പൂക്കൾ പറന്നു പോകുന്നു
- ചെയ്യാൻ കഴിയാത്തതിനെക്കുറിച്ചോർത്തു വിഷമിക്കേണ്ട
- നമുക്കറിയാവുന്നതു വളരെക്കുറച്ചു കാര്യങ്ങൾ മാത്രമാണ്

## പകരം പദങ്ങൾ കണ്ടെത്താം

| | | |
|---|---|---|
| ഭംഗി | ................ | ................ |
| പൂമ്പാറ്റ | ................ | ................ |
| വല്ലി | ................ | ................ |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### സംഭാഷണം എഴുതാം

കവിതയിലെ ആശയം അമ്മയും കുട്ടിയും തമ്മിലുള്ള സംഭാഷണരൂപത്തിൽ എഴുതി നോക്കൂ.

### കാരണം കണ്ടെത്താം

മേൽക്കുമേലിങ്ങിവ പൊങ്ങീ- വിണ്ണിൽ
നോക്കമ്മേ, എന്തൊരു ഭംഗി!

പൂമ്പാറ്റയെക്കാണുമ്പോൾ കുട്ടി വിസ്മയിക്കുന്നത് എന്തുകൊണ്ടാവാം?

### കുറിപ്പെഴുതാം

പൂവിലിരുന്നു പൂമ്പാറ്റ
പൂന്തേനുണ്ടു പൂമ്പാറ്റ
പൂവിതളായി പൂമ്പാറ്റ
പൂങ്കരളായി പൂമ്പാറ്റ



കുട്ടിയും തള്ളയും എന്ന കവിതയിലെ ആശയവും ഈ കവിതയിലെ ആശയവും താരതമ്യപ്പെടുത്തി കുറിപ്പ് തയാറാക്കൂ.

### സങ്കൽപ്പിച്ചെഴുതാം

പൂമ്പാറ്റയെപ്പോലെ പറക്കാൻ കൊതിക്കുന്ന കുട്ടിയെ കവിതയിൽ കണ്ടുവല്ലോ.

നിങ്ങൾക്കും ചിറകുണ്ടായിരുന്നെങ്കിലോ?

എന്തൊക്കെ ചെയ്യുമായിരുന്നെന്ന് സങ്കൽപ്പിച്ചെഴുതി നോക്കൂ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### ചൊല്ലി രസിക്കാം

കവിത അമ്മയും കുട്ടിയും സംസാരിക്കുന്ന രൂപത്തിൽ രണ്ടുപേർ ചേർന്ന് ചൊല്ലി രസിക്കൂ.

### പൂമ്പാറ്റയെ ഉണ്ടാക്കാം

വർണക്കടലാസുപയോഗിച്ച് പൂമ്പാറ്റയെ ഉണ്ടാക്കി നോക്കൂ.



നമുക്കു ചുറ്റും

### ഹിമാലയം

വിസ്മയപ്പെടുത്തുന്ന ചില പ്രകൃതിദൃശ്യങ്ങൾ നിങ്ങൾ പരിചയപ്പെട്ടല്ലോ? ഇതുപോലെ നിത്യവിസ്മയങ്ങളായ പല കാഴ്ചകൾ ഇനിയുമുണ്ട്.

ഭാരതത്തിന്റെ വടക്കുഭാഗത്ത് നെടുങ്കൻ കോട്ടപോലെ ഉയർന്നു നിൽക്കുന്ന ഹിമാലയ പർവതം അദ്ഭുതപ്പെടുത്തുന്ന ഒരു കാഴ്ച തന്നെയാണ്. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ എവറസ്റ്റ് ഉൾപ്പെടെ നിരവധി കൊടുമുടികൾ ഹിമാലയത്തിലുണ്ട്. സാധാരണ മനുഷ്യർക്ക് അപ്രാപ്യമായ, സദാ മഞ്ഞുമൂടിക്കിടക്കുന്ന ഹിമവാൻ, കവികളുടെയും ഗവേഷകരുടെയും സഞ്ചാരികളുടെയും മനസ്സിനെ എന്നും വിസ്മയപ്പെടുത്തിയിട്ടുണ്ട്.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഹിമാലയത്തെ കവി വർണിച്ചിരിക്കുന്നതുനോക്കൂ.

മാനസസരോവര-
വാരിയിൽ സ്നാനംചെയ്യും
വാനവപ്പരിഷയ്ക്കു
വിണ്ണിൽ നിന്നിറങ്ങുവാൻ

വിശ്വകർമ്മാവാം ശില്പി
വെൺകുളിർക്കല്ലാൽ തീർത്ത
വിശ്വമോഹനഘട്ടം
ജയിപ്പൂ ഹിമാചലം!

**വൈലോപ്പിള്ളി ശ്രീധരമേനോൻ**



## വർണിച്ചെഴുതാം

വിസ്മയപ്പെടുത്തുന്ന എന്തെങ്കിലും പ്രകൃതിദൃശ്യങ്ങൾ നിങ്ങളുടെ പരിസരപ്രദേശത്തുണ്ടോ?

അവ സൂക്ഷ്മമായി നിരീക്ഷിച്ച് നിങ്ങൾ കണ്ട കാഴ്ചകൾ വർണിച്ചെഴുതൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## അർഥസൂചിക

### നിലാവിനോട്

| | | |
|---|---|---|
| അമ്പിളി | - | ചന്ദ്രൻ |
| ഏറുക | - | കയറുക |
| കൊണ്ടൽ | - | മേഘം |
| കൊഞ്ചുക | - | ഓമനത്തം തോന്നുമാറ് പെരുമാറുക, അവ്യക്ത മധുരമായി ശബ്ദിക്കുക |
| കൗതുകം | - | താൽപ്പര്യം |
| തുല്ലുചൊല്ലുക | - | കളിയിൽ തടസ്സം പറയുക. |
| പാര് | - | ലോകം |
| പൂനിലാവ് | - | മനോഹരമായ നിലാവ് |
| വിണ്ണ് | - | ആകാശം |

### കുത്തബ്ബ് മിനാർ

| | | |
|---|---|---|
| അബ്ദം | - | കൊല്ലം (ആണ്ട്) |
| ഉത്തുംഗം | - | ഉയർന്നത് |
| കക്ഷ്യ | - | തട്ട് |
| കുഗ്രാമം | - | പരിഷ്കാരം തീരെയില്ലാത്ത നാട്ടിൻപുറം |
| ദണ്ഡ് | - | വടി |
| ധാര | - | ഒഴുക്ക് |
| പ്രതിധ്വനി | - | മാറ്റൊലി (ശബ്ദം എവിടെയെങ്കിലും തിരിച്ചു കേൾക്കുന്നത്,മുഴക്കം) |
| പ്രാന്തം | - | അതിർത്തി |
| പൂങ്കാവനം | - | പൂന്തോട്ടം |
| ഭൗമം | - | ഭൂമിയെ സംബന്ധിച്ച |
| മുരട് | - | മരത്തിന്റെ ചുവട് |
| വിരളം | - | അപൂർവ്വം |
| വിശ്വവിഖ്യാതം | - | ലോകപ്രസിദ്ധമായ |
| വ്രാന്ത | - | വരാന്ത |
| ശയ്യ | - | കിടക്ക |
| ശൃംഗം | - | മുകളറ്റം, കൊടുമുടി |
| സ്മരണ | - | ഓർമ |

### കുട്ടിയും തള്ളയും

| | | |
|---|---|---|
| വല്ലി | - | വള്ളി |
| ചെമ്മേ | - | ഭംഗിയായി |
| മാഴ്കുക | - | ദുഃഖിക്കുക. |





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ ഞാൻ നേടിയ കഴിവുകൾ (ഉചിതമായ കോളത്തിൽ ✓ അടയാളമിടുക)

| കഴിവുകൾ | പൂർണമായി | കുറച്ച് മാത്രം |
|---|---|---|
| * കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലി ആസ്വദിക്കാൻ കഴിഞ്ഞു. | | |
| * പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ മനസ്സിലാക്കാൻ കഴിഞ്ഞു. | | |
| * കവിതകളിലെ ആശയത്തെ താരതമ്യം ചെയ്യാൻ കഴിഞ്ഞു. | | |
| * വാക്യങ്ങളിൽ ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുതാൻ കഴിഞ്ഞു. | | |
| * ഉചിതമായ രീതിയിൽ യാത്രാവിവരണം എഴുതാൻ കഴിഞ്ഞു. | | |
| * സാങ്കൽപ്പികരചന ഭാവനാത്മകമായി പൂർത്തിയാക്കാൻ കഴിഞ്ഞു. | | |
| * കവിതയിലെ ആശയത്തെ സംഭാഷണമാക്കി എഴുതാൻ കഴിഞ്ഞു. | | |

## ഞാൻ എന്നെക്കുറിച്ച്

ഞാൻ യാത്രാവിവരണം തയാറാക്കിയപ്പോൾ (ഉചിതമായ കോളത്തിൽ ✓ അടയാളമിടുക)

| കഴിവുകൾ | പൂർണമായി | കുറച്ച് മാത്രം |
|---|---|---|
| * യാത്രയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ഓർമിച്ചു ക്രമീകരിച്ചെഴുതാൻ കഴിഞ്ഞു. | | |
| * യാത്ര പുറപ്പെട്ട സമയം, സന്ദർശിച്ച സ്ഥലം എന്നിവ ഉൾപ്പെടുത്തി എഴുതാൻ കഴിഞ്ഞു. | | |
| * സ്ഥലത്തിന്റെ ചരിത്രം, ആകർഷിച്ച കാര്യങ്ങൾ, പ്രകൃതി, മനുഷ്യജീവിതം തുടങ്ങിയവ ഉൾപ്പെടുത്തി എഴുതാൻ കഴിഞ്ഞു. | | |
| * നല്ല തുടക്കം, ഉചിതമായ ഭാഷ, ഖണ്ഡിക തിരിക്കൽ എന്നിവ പാലിച്ചെഴുതാൻ കഴിഞ്ഞു. | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

| | | |
|---|---|---|
| പുഷ്പവാടി | - | കുമാരനാശാൻ |
| സാഹസിക യാത്രാകഥകൾ | - | പി. കെ. ശിവദാസ് |
| പ്രകൃതിയുടെ സംഗീതം | - | കിളിരൂർ രാധാകൃഷ്ണൻ |

## പഠനനേട്ടങ്ങൾ

- പ്രപഞ്ചവിസ്മയങ്ങൾ ആസ്വദിക്കുന്നു. അവയോട് ആദരവ് പ്രകടിപ്പിക്കുന്നു. അവയെക്കുറിച്ച് ലഘുവിവരങ്ങൾ തയാറാക്കുന്നു. ചർച്ചകളിൽ അവതരിപ്പിക്കുന്നു.
- ഈണം, താളം എന്നിവ പാലിച്ച് ഭാവാത്മകമായി കവിത ചൊല്ലുന്നു.
- നിർദേശിക്കപ്പെട്ട ആശയമുള്ള കവിത രചിക്കുന്നു.
- ഒരു കവിതയിലെ ആശയത്തെ സമാനകവിതയിലെ ആശയവുമായി താരതമ്യം ചെയ്തു കുറിപ്പാക്കുന്നു.
- ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്ര സ്മാരകമായ കുത്തബ്മിനാറിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു
- യാത്രാവിവരണങ്ങൾ തയാറാക്കി അവതരിപ്പിക്കുന്നു.
- രചനകളിൽ ഉചിതമായ ചിഹ്നങ്ങൾ ചേർക്കുന്നു.
- പ്രകൃതി ദൃശ്യങ്ങൾ, മറ്റുകാഴ്ചകൾ എന്നിവ വർണിച്ചെഴുതുന്നു.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 8
# ചരിതം



നല്ലതല്ലൊരുവൻ ചെയ്ത
നല്ലകാര്യം മറപ്പത്.

– ശ്രീനാരായണഗുരു

മഹാത്മജിയുടെ ജീവിതം നിങ്ങൾക്കു പരിചിതമാണല്ലോ. ഇതുപോലെ നാടിന്റെ മനസ്സിൽ സ്ഥാനം പിടിച്ച എത്രയോ മഹാന്മാരുണ്ട്. ഇവരുടെ ജീവിതം നമുക്കു പാഠമാകുന്നത് ഏതെല്ലാം തരത്തിലാണ്? ചർച്ച ചെയ്യൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




# പഴശ്ശിത്തമ്പുരാൻ

വയനാടൻ മഞ്ഞ് കുടിപാർത്ത ഇല്ലിക്കാടുകൾ. തല യുയർത്തി നിൽക്കുന്ന കാട്ടുമാവിന്റെ കൂട്ടം. മാവിലാം തോട്. തോട്ടിലെ വെള്ളം ഒഴുകുന്നതു നേരിയമട്ടിൽ കേൾക്കാം. തമ്പുരാനും സംഘവും തോടു കടന്ന്, ഇല്ലിക്കൂട്ടങ്ങൾ തിങ്ങിയ ഭാഗത്തേക്കു സാവകാശം നടന്നു. നേരിയ വഴിച്ചാലു മാത്രമുണ്ട്. വെള്ളത്തിൽ പതിക്കുന്ന കാലടികളുടെകൊച്ചു ശബ്ദം പോലും പുറത്തുവരാതെയാണ് തോടു കടന്നത്. പാറക്കൂട്ടങ്ങ ളിൽ ചവിട്ടിയും കുറെപ്പേർ കടന്നു. പഴശ്ശി തന്റെ കാലടികൾ തെന്നാതെ പ്രത്യേകം ശ്രദ്ധിച്ചു.

വെള്ളപ്പട്ടാളക്കാരുടെ ചാരന്മാരുണ്ട്. അവർ കാട്ടുപൊന്തകളിലും ചവിട്ടു വഴിയോരത്തും മറഞ്ഞുനിന്നു. പഴശ്ശിയെയും വില്ലാളികളെയും പിടിക്കാ നുള്ള തയാറെടുപ്പിലാണ്. കുറിച്യത്തലവന്മാരടക്കമുള്ളവർ നാളുകളായി പഴശ്ശിക്കും പടയാളികൾക്കും ഒളിപാർക്കാനുള്ള എട്ടുപത്തു കുടിലുകൾ മാവിലാംതോടിന്റെ കരയിൽ തയാറാക്കിയിട്ടുണ്ട്.

പുൽപള്ളി സീതാദേവി ക്ഷേത്രത്തിനു സമീപമാണ് വെള്ളപ്പട്ടാളത്തിന്റെ തലവൻ ബാബറും കൂട്ടരും തമ്പടിച്ചിരിക്കുന്നത്. അവർ നാട്ടുകാരെ പറഞ്ഞു ഭയപ്പെടുത്തു ന്നു. ചില ആനുകൂല്യങ്ങൾ കൊടുക്കുന്നു. അപ്പോഴും വെള്ളപ്പട്ടാളത്തിനെതിരെ ശക്തമായ തയാറെടുപ്പാണ് പഴശ്ശി നടത്തി യത്. മറ്റാർക്കും എളുപ്പം കടന്നുചെല്ലാൻ പറ്റാത്ത ഒളിത്താവളമാണ് മാവിലാം തോടിന്റെ കരയിലുള്ളത്.




ഏതാണ്ട് ആറു മാസം, പഴശ്ശിയുടെ താവളം എവിടെയാണെന്നറിയുന്നില്ല. വളരെ സൂക്ഷ്മമായ അന്വേഷണം വെള്ള



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പ്പട്ടാളം നടത്തുന്നുണ്ട്. ഒരു കാള വണ്ടി കാട്ടിനുള്ളിലെ ഇടവഴി യിൽക്കൂടി പോകുന്നു. പലകുറി ഇങ്ങനെ മാവിലാംതോടിലെ കാട് വകഞ്ഞുപോകുന്ന കാളവണ്ടി കാവൽക്കാരന്റെ കണ്ണിൽപ്പെട്ടു. അവർ കാട്ടിലെ അട്ടയുടെയും പുഴുവിന്റെയും കടിയേറ്റ് കാവൽ നിൽക്കാൻ തുടങ്ങിയിട്ടു കുറെയായി.

മാവിലാംതോടിന്റെ കരയിലെ അരിപ്പൂക്കാട്. കുനിഞ്ഞു നിൽക്കുന്ന ഇല്ലിക്കൂട്ടം. എല്ലാം വകഞ്ഞുമാറ്റി കമ്പനിപ്പട്ടാളം പഴശ്ശിയുടെ ഒളിത്താവളം ലക്ഷ്യമാക്കി മുമ്പോട്ടു നീങ്ങി. ഭീകരമായ കാട്. മുള്ള്, മുരട്, മൂർഖൻപാമ്പ് എല്ലാമുണ്ട്. നേരിടാനുള്ള തയാറെടുപ്പോടെയാണ് കമ്പനിപ്പട്ടാളം.

മുൻനിരയിൽ തോക്കുകാർ. ഇടയ്ക്കിടെ വെടിയുയരുന്നു. മറ്റൊരിക്കലും കേൾക്കാത്ത വെടിശബ്ദം. കാട് നടുങ്ങി. കാട്ടിലെ കിളികൾ പാട്ടുനിർത്തി. അപകടം വരാൻ പോകുന്നു, അവ തിരിച്ചറിഞ്ഞു.

വെള്ളപ്പട്ടാളം മാവിലാംതോടിലിറങ്ങി. കലപിലശബ്ദത്തോടെ വെള്ളത്തിൽ ചവിട്ടി. തെളിനീർ കലക്കി. തോടിന്റെ മറുകരയിൽ പരന്നുകിടന്ന മണൽ പ്രദേശത്തു പട്ടാളം നിരനിരയായി നിന്നു; കമാണ്ടറുടെ നിർദേശം. ഇടതൂർന്ന കാടു തുളച്ച് അവർ മുമ്പോട്ടു നീങ്ങി. അപകടം തിരിച്ചറിഞ്ഞ കാട്ടുകോഴികൾ ഇല്ലിക്കൂട്ടത്തിനുള്ളിലിരുന്നു ചിലച്ചു. പട്ടാളം കാടു ഞെരിച്ചു മുന്നേറുകയാണ്. നട്ടുച്ചനേരം. പഴശ്ശിയുടെ ഒളിസങ്കേതത്തിലെ കുടിലുകൾ അവരുടെ കണ്ണിൽപ്പെട്ടു. മുമ്പോട്ടു പോകാനുള്ള നിർദ്ദേശം കമാണ്ടർ കൊടുത്തു. ഉറക്കെ ഗർജിച്ചു: "ഫയർ...."

വെടിയുണ്ടകൾ തുരുതുരെ ഉതിർന്നു. അവർ കുടിലുകൾക്കു മുമ്പിലെത്തി. പലരും വെടികൊണ്ടു മരിച്ചിരുന്നു. ജീവനോടെ മൂന്നുനാലു പേരെ പിടിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

"എവിടെ പഴശ്ശി?"

മരിച്ചു കിടക്കുന്നവരുടെ കൂട്ടത്തിലേക്ക് ഒരാൾ വിരൽചൂണ്ടി.

"എങ്കള തമ്പിരാൻ"

അയാൾ വിതുമ്പി. വെടികൊള്ളുന്നതിനു മുമ്പായിത്തന്നെ, പഴശ്ശിത്തമ്പുരാൻ തന്റെ കൈയിലെ വൈരമോതിരം വിഴുങ്ങിയിരുന്നു. വെള്ളപ്പട്ടാളം തോക്കു താഴ്ത്തി ആദരപൂർവം തല കുനിച്ചു. ബാബറുടെ പല്ലക്കിൽ പഴശ്ശിയെ മാനന്തവാടിയിലേക്കു കൊണ്ടുവന്നു. അവിടത്തെ ഉയർന്ന ഒരു കുന്നിൻപ്രദേശം. വൻമരങ്ങൾ ഇടതൂർന്നു നിൽക്കുന്ന കാട്. ഇന്നത്തെ സർക്കാർ ആശുപത്രിയോടു തൊട്ട്. പഴശ്ശിയുടെ അന്ത്യവിശ്രമത്തിനുള്ള ഒരുക്കങ്ങൾ ചെയ്തു. എല്ലാം കമ്പനിപ്പട്ടാളത്തിന്റെ ചെലവിൽ. ആചാരമര്യാദകളോടെ ആ ധീരദേശാഭിമാനിയുടെ ഭൗതികശരീരം സംസ്കരിച്ചു. ഒരു കോളിമരത്തിന്റെ കൊമ്പും അടയാളമായി അവിടെ കുത്തി. അസ്തമയസൂര്യൻ ചെമ്പട്ട് ചുറ്റും പുതച്ചു. സന്ധ്യയുടെ കവിളിൽ, മഞ്ഞുതുള്ളികൾ ഇറ്റുവീണു.

ബ്രിട്ടീഷുകാർക്കു പേടിസ്വപ്നമായിരുന്നു പഴശ്ശി. വയനാടിന്റെ പച്ചപ്പിൽ പഴശ്ശി നിത്യവിപ്ലവകാരിയായി.

**വയനാടൻ കഥകൾ കുട്ടികൾക്ക്** **റ്റി.സി. ജോൺ**





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### റ്റി.സി. ജോൺ

1948 ൽ എറണാകുളം ജില്ലയിലെ കോലഞ്ചേരിയിൽ ജനിച്ചു. കേരള സാഹിത്യ അക്കാദമി, കേരള സംഗീത അക്കാദമി എന്നിവയിൽ അംഗമായിരുന്നു.തേക്ക്, നെല്ല്, ഉറാട്ടി (നോവൽ) മോചനത്തിന്റെ പടവുകൾ (കഥകൾ), വയനാടിനെപ്പറ്റി, വയനാടൻകഥകൾ കുട്ടികൾക്ക് തുടങ്ങിയവ പ്രധാന കൃതികൾ. 2013 ൽ അന്തരിച്ചു.

## കണ്ടെത്താം

- എവിടെയായിരുന്നു പഴശ്ശിയുടെ ഒളിത്താവളം?
- പഴശ്ശിയുടെ മൃതശരീരത്തോട് കമ്പനിപ്പട്ടാളം എങ്ങനെയാണ് ആദരം പ്രകടിപ്പിച്ചത്?

## അർഥം കണ്ടെത്താം


ചാരൻ

ഒളിപാർക്കുക

താവളം

## പ്രയോഗഭംഗി വ്യക്തമാക്കാം

- മഞ്ഞ് കുടിപാർത്ത ഇല്ലിക്കാടുകൾ
- കുനിഞ്ഞുനിൽക്കുന്ന ഇല്ലിക്കൂട്ടം.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- മുള്ള്, മുരട്, മൂർഖൻ പാമ്പ്
- അസ്തമയ സൂര്യൻ ചെമ്പട്ട് ചുറ്റും പുതച്ചു
- സന്ധ്യയുടെ കവിളിൽ മഞ്ഞുതുള്ളികൾ ഇറ്റുവീണു

## വാക്യം രചിക്കുക

അടിവരയിട്ട പദങ്ങൾ ഉപയോഗിച്ച് സ്വന്തമായി വാക്യങ്ങൾ നിർമിക്കൂ.

- തമ്പുരാനും സംഘവും ഇല്ലിക്കൂട്ടങ്ങൾ തിങ്ങിയ ഭാഗത്തേക്കു <u>സാവകാശം</u> നടന്നു.
- അവർ <u>സാവകാശം</u> ജോലികളെല്ലാം ചെയ്തുതീർത്തു

.......................................................................................................

- വെള്ളപ്പട്ടാളം <u>ആദരപൂർവം</u> തലകുനിച്ചു

പുഴയിൽ വീണ കുട്ടിയെ രക്ഷിച്ച ബാലനെ എല്ലാവരും <u>ആദരപൂർവ്വം</u> നോക്കി.

.......................................................................................................

- ബ്രിട്ടീഷുകാർക്കു <u>പേടിസ്വപ്ന</u>മായിരുന്നു പഴശ്ശിരാജാവ്.
- നാട്ടിലിറങ്ങിയ കടുവ ആളുകൾക്കു <u>പേടിസ്വപ്ന</u>മായി മാറി

.......................................................................................................

## പതിപ്പ് തയാറാക്കൂ

പഴശ്ശിയെപ്പോലെ ജന്മനാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ധീര ദേശാഭിമാനികൾ അനേകമുണ്ടല്ലോ. അവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പതിപ്പ് തയാറാക്കൂ.

- വേലുത്തമ്പി ദളവ
- കുഞ്ഞാലിമരയ്ക്കാർ
- 
- 



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഹോക്കി മാന്ത്രികൻ



1932 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിലെ ഹോക്കി മത്സരരംഗം. ആതിഥേയരായ അമേരിക്കൻ ടീം ഭാരതത്തെ നേരിടുകയാണ്. ആ വാശിയേറിയ മത്സരം കാണാൻ ധാരാളം സ്പോർട്സ് പ്രേമികൾ എത്തിയിട്ടുണ്ട്. കളി ആരംഭിച്ചു. കാണികളുടെ ഇടയിൽനിന്ന് ആർപ്പുവിളികൾ ഉയർന്നു. അവർ നൽകിയ പ്രോത്സാഹനത്തോടൊപ്പം ഉണർന്നുകളിക്കാൻ അമേരിക്കൻ കളിക്കാർ കിണഞ്ഞു ശ്രമിക്കുകയാണ്. പക്ഷേ, ഭാരത ടീമിന്റെ ആക്രമണത്തെ ചെറുത്തു നിറുത്തുവാൻ അവർക്കു കഴിഞ്ഞില്ല. അവരുടെ ഗോൾവലയിൽ തുരുതുരാ ഗോളുകൾ വീണുകൊണ്ടിരുന്നു. കളിയുടെ പകുതിസമയം ആയി. റഫറിയുടെ വിസിൽ മുഴങ്ങി.

പെട്ടെന്ന് കുറേ അമേരിക്കൻ കളിക്കാർ ഓടിവന്നു റഫറിയെ വളഞ്ഞു. അവരെന്തൊക്കെയോ വിളിച്ചുപറയുന്നുണ്ടായിരുന്നു. റഫറി കാര്യം അന്വേഷിച്ചു. ഭാരതത്തിന്റെ ആക്രമണ നിരയിൽ കുന്തമുനയായി കളിച്ച കറുത്തു കുറിയ ഒരു കളിക്കാരന്റെ ഹോക്കിസ്റ്റിക്കിനെപ്പറ്റി അവർ പരാതി പറയുകയാണ്. അയാളുടെ ഹോക്കി സ്റ്റിക്കിന് എന്തോ മാന്ത്രിക ശക്തിയുണ്ട്. അതുവച്ചു കളിക്കുവാൻ അയാളെ അനുവദിക്കരുത്. അതായിരുന്നു അവർ ആവശ്യപ്പെട്ടത്. റഫറി അദ്ഭുതപ്പെട്ടുപോയി. ഇത്ര വിചിത്രമായ ആവശ്യമോ?





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

അമേരിക്കക്കാർ സംശയിച്ചതിൽ അദ്ഭുതമില്ല. പകുതി സമയത്തിനകം തന്നെ ആ മാന്ത്രിക വടിയിൽനിന്നും അഞ്ചു ഗോളുകളാണ് അമേരിക്കൻ ഗോൾ വലയ്ക്കകത്തേക്കു പാഞ്ഞുകയറിയത്!

ലോകം അംഗീകരിച്ച അളവുകൾക്കനുസരിച്ചു നിർമിക്കപ്പെട്ട ആ ഹോക്കി സ്റ്റിക്ക് ഉപയോഗിച്ചു കളിക്കാൻ പാടില്ലെന്നു റഫറി എങ്ങനെ പറയും? അയാൾ അമേരിക്കൻ കളിക്കാരെ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കാൻ ശ്രമിച്ചു. പക്ഷേ, അവരുണ്ടോ വഴങ്ങുന്നു!

അങ്ങനെ വിഷമിച്ചു നിന്ന റഫറിയുടെയും പതറിനിന്ന അമേരിക്കൻ കളിക്കാരുടെയും ഇടയിലേക്ക് ആ മന്ത്രവടിയുടെ ഉടമ അതാ ചിരിച്ചുകൊണ്ടു നടന്നുവരുന്നു. ഈ കുഴങ്ങിയ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടുപിടിച്ചു എന്ന മട്ടിലാണ് അയാളുടെ വരവ്.

ചിരിച്ചുകൊണ്ടുതന്നെ അയാൾ പരിഹാരമാർഗം നിശ്ചയിച്ചു. അടുത്ത പകുതിയിൽ തന്റെ മാന്ത്രികവടി ഉപയോഗിച്ച് അമേരിക്കൻ കളിക്കാരിലാരെങ്കിലും ഒരാൾ കളിക്കട്ടെ; അയാളുടെ ഹോക്കിസ്റ്റിക്കുപയോഗിച്ചു താനും കളിച്ചുകൊള്ളാം- ഇതായിരുന്നു നിർദേശം. എല്ലാവർക്കും തൃപ്തിയായി. നല്ല പരിഹാരമാർഗം. റഫറിക്കോ വളരെ വളരെ സന്തോഷം തോന്നി. അങ്ങനെ സ്റ്റിക്കുകൾ കൈമാറുകയും ചെയ്തു.

വീണ്ടും കളിയാരംഭിച്ചു. ആ കുറിയ കളിക്കാരൻ ആക്രമണനിരയിൽ ഒരു കൊടുങ്കാറ്റ് അഴിച്ചുവിട്ടു. അയാൾ തന്നെ വീണ്ടും ഗോളടിച്ചുകയറ്റുന്നു. ഒന്നല്ല, രണ്ടല്ല; മൂന്നു ഗോളുകൾ. തുടരെ തുടരെ ഗോൾ കയറിയപ്പോൾ അമേരിക്കൻ കളിക്കാർക്ക് ഒരു കാര്യം ബോധ്യപ്പെട്ടു - ആ വടിയല്ല പ്രശ്നം, അയാളാണ്; ആ കളിക്കാരൻ. അയാളൊരു ഹോക്കി മാന്ത്രികൻ തന്നെ! കളി അവസാനിച്ചപ്പോൾ ഭാരതം അമേരിക്കയെ 24-1 എന്ന ക്രമത്തിൽ തോൽപ്പിച്ചിരുന്നു! ഒളിമ്പിക്സ് ഹോക്കിയുടെ ചരിത്രത്തിൽ അത് ഇന്നും ഒരു റിക്കോർഡായി നിലനിൽക്കുന്നു. അതിൽ എട്ടു ഗോളുകളും അടിച്ചത് 'മന്ത്രവടിയുടെ ഉടമ'യായി അമേരിക്കക്കാർ ചിത്രീകരിച്ച കളിക്കാരനായിരുന്നു. മേജർ ധ്യാൻചന്ദ്. ലോകത്തെ മുഴുവൻ സ്വന്തം ഹോക്കി പാടവംകൊണ്ട് അദ്ഭുതപ്പെടുത്തിയ മാന്ത്രിക കളിക്കാരൻ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



1928 ലെ ആംസ്റ്റർഡാം ഒളിമ്പിക്സിൽ ഭാരതം ആദ്യമായി ഫൈനലിൽ കടന്നു. ഏറ്റുമുട്ടേണ്ടത് ആതിഥേയ ടീമായ ഹോളണ്ടിനോടായിരുന്നു. നിർഭാഗ്യവശാൽ ഭാരതടീമിലെ ക്യാപ്റ്റൻ ഉൾപ്പെടെ അഞ്ചു കളിക്കാർക്ക് അസുഖവും അവശതയും. അവർക്കാർക്കും കളിക്കാനാകുമായിരുന്നില്ല. അക്കൂട്ടത്തിൽ ധ്യാൻചന്ദും ഉണ്ടായിരുന്നു. സ്വന്തം നാട്ടുകാരുടെ പ്രോത്സാഹനത്തോടെ വീറിലും വാശിയിലും കളിക്കുന്ന ഹോളണ്ട് ടീമിനെ എങ്ങനെ തടഞ്ഞുനിറുത്താനാകും? ആദ്യമായി ഹോക്കിയിൽ സ്വർണം നേടാൻ കിട്ടിയ അവസരം എങ്ങനെ ഫലപ്രദമാക്കും?

കളിക്കാർക്ക് ആത്മധൈര്യം നഷ്ടപ്പെട്ടു. മുറിയുടെ മൂലയിൽ ശരീരമാകെ ചുട്ടുപൊള്ളി മൂടിപ്പുതച്ചുകിടക്കുകയായിരുന്നു ധ്യാൻചന്ദ്. പെട്ടെന്ന് അദ്ദേഹം കിടക്കയിൽനിന്നു പിടഞ്ഞെഴുന്നേറ്റു. മാതൃരാജ്യത്തിന്റെ യശസ്സ് ഉയർത്തിക്കാട്ടാൻ ആ ധീരനായ പടയാളി കളിക്കിറങ്ങാൻ തീരുമാനിച്ചു. എല്ലാവരും അദ്ഭുതത്തോടെ നോക്കിനിൽക്കേ, ജേഴ്സിയണിഞ്ഞു കളിക്കളത്തിലിറങ്ങാൻ ധ്യാൻചന്ദ് തയാറായി. അചഞ്ചലമായ ആ വിശ്വാസ പ്രകടനം കണ്ടപ്പോൾ മറ്റു കളിക്കാർക്കെല്ലാം ആത്മധൈര്യം വീണ്ടുകിട്ടി. അതുല്യമായ പ്രകടനമാണ് ഫൈനലിൽ ഇന്ത്യ കാഴ്ചവച്ചത്. 3-0ന് ഹോളണ്ടിനെ തോൽപ്പിച്ച ഇന്ത്യ ഹോക്കിയിലെ ആദ്യ ഒളിമ്പിക്സ് സ്വർണം നേടി. ധ്യാൻചന്ദിന്റെ ആവേശവും രാജ്യസ്നേഹവുമായിരുന്നു അതിനു സഹായിച്ചത്.

**കളിക്കളത്തിലെ മഹാപ്രതിഭകൾ** **ആർ. രാധാകൃഷ്ണൻ**



**ആർ. രാധാകൃഷ്ണൻ**

1941 ൽ തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ ജനനം. പ്രധാനകൃതികൾ: വനിതയും നിയമവും, വനിതകളും കായികലോകവും, ഉപഭോക്താവിന്റെ അവകാശങ്ങൾ, വിവരാവകാശനിയമം ജനനന്മയ്ക്ക്, കളിക്കളത്തിലെ മഹാപ്രതിഭകൾ തുടങ്ങിയവ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കണ്ടെത്താം

- ഹോക്കി മത്സരത്തിനിടയിൽ അമേരിക്കൻ കളിക്കാരുടെ പരാതിയെന്തായിരുന്നു?
- ധ്യാൻചന്ദ് എങ്ങനെയാണ് ആ പ്രശ്നത്തിനു പരിഹാരം കണ്ടെത്തിയത്?
- ഒളിമ്പിക്സ് ഹോക്കിയുടെ ചരിത്രത്തിൽ ലോസ് ഏഞ്ചൽസ് മത്സരം ഇടം പിടിച്ചതെങ്ങനെ?

## അർഥം കണ്ടെത്താം

- ആതിഥേയൻ
- വിചിത്രം
- തൃപ്തി
- മാന്ത്രികൻ
- യശസ്സ്
- അചഞ്ചലം
- നിർഭാഗ്യം
- ആത്മധൈര്യം

## ചർച്ച ചെയ്യാം

ആ കുറിയ കളിക്കാരൻ ആക്രമണനിരയിൽ കൊടുങ്കാറ്റഴിച്ചു വിട്ടു.

അടിവരയിട്ട പ്രയോഗം വാക്യത്തിനു നൽകുന്ന മേന്മയെന്ത്?

## കുറിപ്പെഴുതാം

ഹോക്കിയുടെ ചരിത്രത്തിൽ അദ്ഭുതപ്രതിഭാസമാണ് ധ്യാൻചന്ദ്. ഇതുപോലെ കായികരംഗത്ത് അദ്ഭുതങ്ങൾ സൃഷ്ടിച്ചവർ ധാരാളമുണ്ട്. അവരുടെ പട്ടിക തയാറാക്കൂ. അതിൽ നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട ഒരാളെക്കുറിച്ച് കുറിപ്പുതയാറാക്കൂ.

## നിവേദനം തയാറാക്കാം

നിങ്ങൾക്കു കളിക്കാനാവശ്യമായ കൂടുതൽ കളിയുപകരണങ്ങൾ സ്കൂളിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് നൽകാൻ നിവേദനം തയാറാക്കുക.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### വിവരണം തയാറാക്കാം

നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും ഒരു കായികവിനോദത്തെക്കുറിച്ചു വിവരണം തയാറാക്കൂ.

(കളിക്കളം, കളിക്കാരുടെ എണ്ണം, സമയം, ഉപകരണങ്ങൾ.....)



### ജീവചരിത്രക്കുറിപ്പ് തയാറാക്കാം

കളിക്കളത്തിൽ അദ്ഭുതം സൃഷ്ടിച്ച എത്രയോ കായികതാരങ്ങൾ നമുക്കുണ്ട്. അവരിലൊരാളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ജീവചരിത്രക്കുറിപ്പ് തയാറാക്കൂ.

### കത്തെഴുതാം

കലാകായികമേളയിൽ മികച്ച വിജയം നേടിയ ഒരു കുട്ടിയെ അനുമോദിച്ചുകൊണ്ട് കത്തെഴുതൂ.







Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## അർഥസൂചിക


### പഴശ്ശിത്തമ്പുരാൻ

അന്ത്യവിശ്രമം - അവസാന വിശ്രമം (മരണ ശേഷമുള്ളത്)
ഒളിപാർക്കുക - ഒളിച്ചു താമസിക്കുക
കോളി - ഒരുതരം ഇത്തിൾ (ലന്തമരം)
ചാരൻ - ഒറ്റുകാരൻ
താവളം - സങ്കേതം (പട്ടാളക്കാരുടെയും മറ്റും യുദ്ധത്താവളം)

### ഹോക്കി മാന്ത്രികൻ

അചഞ്ചലം - ഇളക്കമില്ലാത്ത
ആതിഥേയർ - അതിഥിയെ സൽക്കരിക്കുന്നവർ
ആത്മധൈര്യം - സ്വന്തം ധൈര്യം
നിർഭാഗ്യം - ഭാഗ്യമില്ലാത്ത
തൃപ്തി - മതിയെന്നുള്ള അവസ്ഥ
മാന്ത്രികൻ - ഇന്ദ്രജാലക്കാരൻ
യശസ്സ് - കീർത്തി





## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിലൂടെ ഞാൻ നേടിയ കഴിവുകൾ (ഉചിതമായ കോളത്തിൽ ✓ അടയാളമിടുക)

| കഴിവുകൾ | പൂർണ്ണമായി | കുറച്ച് മാത്രം |
|---|---|---|
| * വിദേശികൾക്കെതിരെ പോരാടിയ പഴശ്ശിരാജ, ഹോക്കി മാന്ത്രികനായ ധ്യാൻചന്ദ് എന്നിവരുടെ ജീവിതത്തിലെ ഉജ്വല മുഹൂർത്തങ്ങൾ ആവേശമായി ഉൾക്കൊള്ളാൻ കഴിഞ്ഞു. | | |
| * ഉച്ചാരണശുദ്ധിയോടെയും ആശയവ്യക്തതയോടെയും പാഠം ഉച്ചത്തിൽ വായിച്ച് അവതരിപ്പിക്കാൻ കഴിഞ്ഞു. | | |
| * പാഠത്തിലെ ആശയവുമായി ബന്ധപ്പെട്ട് പത്രവാർത്ത തയാറാക്കാൻ കഴിഞ്ഞു. | | |
| * നിർദേശിച്ച വിഷയവുമായി ബന്ധപ്പെട്ട് നിവേദനം, അഭിനന്ദനക്കത്ത് എന്നിവ തയാറാക്കാൻ കഴിഞ്ഞു. | | |
| * കായികതാരത്തിന്റെ ജീവചരിത്രക്കുറിപ്പ് തയാറാക്കാൻ കഴിഞ്ഞു. | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പഠനനേട്ടങ്ങൾ

- വിദേശികൾക്കെതിരെ പോരാടി വീരചരമമടഞ്ഞ പഴശ്ശിരാജയുടെ ജീവിതത്തിൽനിന്ന് ആവേശം ഉൾക്കൊള്ളുന്നു.
- പുതിയ പദങ്ങളുടെ അർഥം മനസ്സിലാക്കി വാക്യരചന നടത്തുന്നു.
- ഉച്ചാരണശുദ്ധിയോടെയും ആശയവ്യക്തതയോടെയും ഉച്ചത്തിൽ വായിക്കുന്നു.
- ധ്യാൻചന്ദിന്റെ ഉജ്വലമായ കായികജീവിതത്തെക്കുറിച്ച് അടുത്തറിഞ്ഞ് രചനകൾ നിർവഹിക്കുന്നു.
- കായികവിനോദത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി വിവരണം തയാറാക്കുന്നു.
- നിവേദനം, ജീവിചരിത്രക്കുറിപ്പ് എന്നിവ തയാറാക്കുന്നു.
- അഭിനന്ദനക്കത്ത് തയാറാക്കുന്നു.

## ഞാൻ എന്നെക്കുറിച്ച്

ഞാൻ നിവേദനം തയാറാക്കിയപ്പോൾ
(ഉചിതമായ കോളത്തിൽ ✓ അടയാളമിടുക)

| കഴിവുകൾ | പൂർണമായി | കുറച്ചു മാത്രം |
|---|---|---|
| ✳ സംബോധന, തുടക്കം, വിഷയം അവതരിപ്പിക്കൽ, ഉപസംഹാരം എന്നിവ പാലിക്കാൻ കഴിഞ്ഞു. | | |
| ✳ വിഷയത്തിന്റെ/പ്രശ്നത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ കഴിഞ്ഞു. | | |
| ✳ പ്രശ്നത്തിന് ഉചിതമായ പരിഹാരങ്ങൾ നിർദേശിക്കാൻ കഴിഞ്ഞു. | | |
| ✳ ഉചിതമായ ഭാഷ, ഖണ്ഡിക തിരിക്കൽ എന്നിവ പാലിച്ച് എഴുതാൻ കഴിഞ്ഞു. | | |
| ✳ കൂട്ടുകാരുടെ അഭിപ്രായങ്ങൾ പരിഗണിക്കാൻ കഴിഞ്ഞു. | | |
| ✳ ഒരു പൊതുപ്രശ്നം അധികാരികളുടെ ശ്രദ്ധയിൽ പെടുത്തേണ്ടത് എങ്ങനെയെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. | | |

## തുടർവായനയ്ക്കുള്ള പുസ്തകങ്ങൾ

- ഫ്ളോറൻസ് നൈറ്റിംഗേൾ പൊലിയാത്ത ദീപം – ഡോ. എം. ലീലാവതി
- കളിക്കളത്തിലെ മഹാപ്രതിഭകൾ – ആർ. രാധാകൃഷ്ണൻ
- വയനാടൻ കഥകൾ കുട്ടികൾക്ക് – റ്റി. സി. ജോൺ
- കുട്ടികളുടെ ശ്രീനാരായണഗുരു – എ. കാമാക്ഷിക്കുട്ടിയമ്മ



Downloaded from https:// www.studiestoday.com